SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD


# സീറോമലബാർ വിഷൻ

MY LORD MY GOD

ജൂൺ 2021 | പുസ്തകം 01 | ലക്കം 05 | സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം

**ഇടയലേഖനം** Prot. No.0671/2021

## സഭാദിനം – ദുക്റാനതിരുനാൾ



**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ
മേജർ ആർച്ച്ബിഷപ്

**സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ജൂലൈ മൂന്ന് വലിയ ഒരു ഓർമ ഉണർത്തുന്ന ദിവസമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ ഓർമ. ദുക്റാനതിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ എന്നാണ്. 2013 മുതൽ ദുക്റാനതിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാദിനവും കഴിഞ്ഞ വർഷത്തേതുപോലെ കോവിഡ്-19ന്റെ പശ്ചാത്തലത്തിലാണ് ആഘോഷിക്കേണ്ടി വരുന്നത്.

### മഹാമാരിയുടെ പശ്ചാത്തലം

കോവിഡ്-19ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയകരമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഓദ്യോഗിക കണക്കനുസരിച്ചു ഇതിനകം ഭാരതത്തിൽ 387000 ത്തോളം ആളുകൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 2000ൽ അധികംപേർ കേരളത്തിൽ നിന്നുതന്നെയാണ്. മരണമടഞ്ഞവരെയും അവരുടെ കുടുംബങ്ങളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധമൂലം ഉണ്ടായ ആരോഗ്യപ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെ ഈ രോഗം കുടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും പ്രതിരോധശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനുള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമാർജനത്തിനായി ജീവൻ പോലും പണയം വച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീപരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യപ്രവർത്തകർക്കു നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പിതരും യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹിക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ അഭിവന്ദ്യ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധികളിലൂടെയാണു കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ നിയന്ത്രണ വിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധപ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായ നേതാക്കളും വലിയ പ്രതിബദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

### മാർ തോമാ ചൈതന്യവും മാതൃകയും

ഈ കോവിഡ് കാലത്തു മാർ തോമാശ്ലീഹായിൽനിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നായിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ചു ശിഷ്യന്മാർ കുടുതൽ ശക്തി നേടി സുവിശേഷ പ്രഘോഷകരും സാക്ഷികളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മ ചൈതന്യത്തിലാണു തോമാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും ക്രൈസ്തവസമൂഹങ്ങൾക്കു രൂപം കൊടുത്തതും. അന്നത്തെ പലസ്തീനായിൽനിന്ന് ഇന്ത്യ വരെയുള്ള യാത്രയും ഇന്ത്യയിലെ പ്രവർത്തനങ്ങളും തോമാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമാശ്ലീഹാ ഭാരതത്തിലേക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമത്തേത്, കരമാർഗം ഉത്തരഭാരതത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേയ്ക്കും. തോമാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേണ്ടതാണ്.

തോമാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകടമാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചുകൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ അവിടുത്തെ കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നു പറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമാശ്ലീഹാ പറഞ്ഞു "നമുക്കും അവനോടു കൂടി പോയി മരിക്കാം" (യോഹ. 11:16). പിന്നീട്, തോമാശ്ലീഹാ ഭാരതത്തിൽ വന്നു "ഈശോയോടൊപ്പം" മരിച്ചുവല്ലോ. കർത്താവിന്റെ സുവിശേഷത്തെയും ജീവിതത്തെയും കുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടുതന്നെ ചോദിച്ചു മനസിലാക്കാനുള്ള ആത്മധൈര്യവും തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടു പോകാറായി എന്നറിയിക്കുകയും പോകുന്നിടത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമെന്നു സൂചിപ്പിക്കുകയും ചെയ്തപ്പോൾ തോമാശ്ലീഹായാണ് ഈശോയോടു ചോദിച്ചത്, "കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന്

(ശേഷം 5 – ാം പേജിൽ)

## 80:20 ഹൈക്കോടതി വിധി നടപ്പാക്കി സാമൂഹ്യനീതി ഉറപ്പുവരുത്തണം



**ഡോ. ചാക്കോ കാളംപറമ്പിൽ**
സീറോമലബാർ സഭയുടെ
ഔദ്യോഗികവക്താവ്

കവർച്ചക്കാരുടെ കൈകളിൽ അകപ്പെട്ട്, ഉള്ളതെല്ലാം നഷ്ടപ്പെട്ട്, മർദ്ദനമേറ്റ് വഴിയരികിൽ കിടക്കുന്ന ഒരു ചിത്രം വിശുദ്ധ ഗ്രന്ഥത്തിലെ നല്ല സമരിയാക്കാരന്റെ ഉപമയിൽ കാണാം. ഇന്ന് കേരളത്തിലെ ക്രൈസ്തവ സമുദായം, അർഹതപ്പെട്ടതെല്ലാം പിടിച്ചെടുത്തു മർദ്ദിച്ചവശരാക്കി വഴിയിൽ തള്ളപ്പെട്ട അവസ്ഥയിലാണുള്ളത്.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ന്യൂനപക്ഷ അവകാശങ്ങളും സംരക്ഷണവും തൃണവത്ഗണിച്ചുകൊണ്ടും 1992ലെ കേന്ദ്ര മൈനോറിറ്റി ആക്റ്റും 2014ലെ സംസ്ഥാന മൈനോറിറ്റി ആക്റ്റും കാറ്റിൽ പറത്തിക്കൊണ്ടും ന്യൂനപക്ഷ വകുപ്പിന് കീഴിലുള്ള സ്കോളർഷിപ്പുകളും മറ്റ് ധനസഹായ പദ്ധതികളും കേരളത്തിലെ ക്രിസ്ത്യൻ, സിഖ്, ബുദ്ധർ, ജൈനർ, പാഴ്സി എന്ന അഞ്ച് ന്യൂനപക്ഷങ്ങളെ നോക്കുകുത്തിയായി നിർത്തിക്കൊണ്ട് മുസ്ലീം ന്യൂനപക്ഷത്തിന് മാത്രം നൽകുന്ന സാമൂഹ്യ അനീതിയാണ് ഇവിടെ ഉടലെടുത്തിരിക്കുന്നത്. ഇത് നഗ്നമായ ഭരണഘടനാ ലംഘനവും മൈനോറിറ്റി ആക്ടുകളുടെ മേലുള്ള കടന്നുകയറ്റവുമാണെന്ന് കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസ് അടങ്ങുന്ന ഡിവിഷൻ ബെഞ്ച് വിധി പ്രസ്താവിച്ചിരിക്കുകയാണ്.

കഴിഞ്ഞ ഒന്നര പതിറ്റാണ്ടോളമായി നിലനിൽക്കുന്ന ഈ അനീതി തിരുത്തി നീതി പുന:സ്ഥാപിച്ചു കിട്ടണമെന്ന വിവിധ ക്രൈസ്തവ സംഘടനകളും സഭാസമൂഹങ്ങളും സർക്കാർ ഭരണസംവിധാനങ്ങൾക്ക് മുമ്പിൽ നിരന്തരം ഉയർത്തിയ നിലവിളി ബധിരവിലാപങ്ങളായിരുന്നു. നമ്മുടെ ജനാധിപത്യത്തിൽ നിയമനിർമാണം നടത്തുന്ന ഭരണ ഘടനാ സംവിധാനങ്ങൾക്ക് ഉണ്ടാകുന്ന വീഴ്ചകളെ, നീതിന്യായ കോടതികൾ തിരുത്തുന്നതിന്റെ ഭാഗമാണ് ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയുടെ ഭാഗമായി വന്ന ഈ വിധിയും. ഇത് ജനാധിപത്യത്തിന്റെ കാവലാളായ നീതിന്യായ വ്യവസ്ഥിതിയുടെയും ജനാധിപത്യ സംവിധാനങ്ങളുടെയും വിജയം തന്നെയാണ്.

### തെറ്റു തിരുത്തിയാൽ സാമൂഹിക ധ്രുവീകരണമോ?

മറ്റൊരാൾക്ക് അർഹതപ്പെട്ടത് അനർഹമായി പിടിച്ചെടുത്തത് തെറ്റാണെന്ന് കോടതി പറയുമ്പോൾ അത് സാമുദായിക ധ്രുവീകരണം ഉണ്ടാക്കുന്നുവെന്ന് പറയുന്നത് എത്രകണ്ട് യുക്തിസഹമാണ്? അത്തരം പ്രസ്താവനകളെ തിരുത്തുവാൻ ആർജ്ജവമുള്ള നേതൃത്വപാടവം

(ശേഷം 9 – ാം പേജിൽ)

സീറോമലബാർ വിഷൻ

## എഡിറ്റോറിയൽ

പന്തക്കുസ്താത്തിരുനാൾ തുടങ്ങിയുള്ള ഏഴ് ആഴ്ചകളാണ് ശ്ലീഹാ കാലം എന്നപേരിൽ അറിയപ്പെടുന്നത്. ആരാധനാക്രമവത്സരത്തിലെ ശ്ലീഹാക്കാലത്തിലൂടെ കടന്നുപോകുമ്പോൾ പരിശുദ്ധ കുർബാനയുടെ തിരുനാളും ഈശോമിശിഹായുടെ തിരുഹൃദയ തിരുനാളും പരിശുദ്ധ മാതാവിന്റെ വിമലഹൃദയ തിരുനാളും കത്തോലിക്കാ സഭയിലെ മറ്റു വിശുദ്ധരുടെ തിരുനാളുകളും അതോടൊപ്പം സീറോമലബാർ സഭയിൽ നിന്ന് വിശുദ്ധയായിത്തീർന്ന മറിയം ത്രേസ്യാമ്മയുടെ തിരുനാളും നമ്മൾ ആചരിച്ചു.

മിശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറഞ്ഞ് വിശ്വാസ പ്രഘോഷണത്തിനായി ഭാരതത്തിലെത്തിയ മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ സഭാദിനമായി ജൂലൈ 3ന് നാം ആചരിക്കുകയാണ്. തോമാശ്ലീഹായുടെ വിശ്വാസ സാക്ഷ്യവും തന്റെ നാഥനോടുള്ള സ്നേഹവും ഓരോ സീറോമലബാർ സഭാംഗവും സമകാലിക സമൂഹത്തിലും സഭയിലും ജീവിക്കണമെന്ന് ഈ സഭാദിനാചരണം നമ്മെ ഓർമ്മപ്പെടുത്തുന്നു. വിശ്വാസത്തിനുവേണ്ടി ജീവൻ സമർപ്പിച്ച മാർത്തോമാശ്ലീഹായുടെ മക്കളായ നമ്മുടെ സാക്ഷ്യവും സുവിശേഷചൈതന്യത്തിനു അനുസൃതമായിരിക്കട്ടെ.

കോവിഡ്-19 രണ്ടാം തരംഗത്തിന്റെ വ്യാപനതോത് ഭാരതത്തിലെങ്ങും കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മൂന്നാം തരംഗത്തിനുള്ള സാധ്യതകൾ മുന്നിലുള്ളപ്പോൾ സർക്കാരുകൾ നൽകിയിട്ടുള്ള കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് മാസ്ക്കുകൾ ധരിച്ചും സാമൂഹിക അകലം പാലിച്ചും സാനിറ്റൈസറുകൾ ഉപയോഗിച്ചും ജീവിക്കണമെന്ന് പൗരബോധം നമ്മെ നിർബന്ധിക്കുന്നു. വളരെ കുറഞ്ഞ ജനപങ്കാളിത്തത്തോടെയാണെങ്കിലും ആരാധനാലയങ്ങൾ തുറന്നു പ്രവർത്തിക്കാൻ കേരളത്തിൽ സർക്കാർ അനുവദിച്ചിരിക്കുന്നത് ആശ്വാസപ്രദമാണ്. ഓൺലൈനിൽ തന്നെ പുതിയ അധ്യായന വർഷത്തിലേക്ക് കുട്ടികൾ പ്രവേശിക്കുന്ന സാഹചര്യത്തിൽ നമ്മുടെ അധ്യാപകരും മാതാപിതാക്കളും കുട്ടികളുടെ മാനസിക ശാരീരിക വളർച്ചയ്ക്ക് ആവശ്യമായ സാമൂഹികാന്തരീക്ഷം സൃഷ്ടിച്ചു നൽകാൻ ബാധ്യസ്ഥരാണ്.

ക്രിസ്തുവിന്റെ ആശയ സംവേദന ശൈലികളിലെ ഉദാത്തമായ മാതൃകകൾ സ്വാംശീകരിച്ചുകൊണ്ട്, നമ്മുടെ സോഷ്യൽ മീഡിയ പരിസരങ്ങളിലെ പെരുമാറ്റ രീതികൾ ക്രമപ്പെടുത്താൻ നമുക്ക് സാധിക്കട്ടെ. പല സാഹചര്യങ്ങളിലും മലീമസമാകുന്ന സോഷ്യൽ മീഡിയയിലെ പ്രതികരണവേദികളിൽ ശാന്ത സൗരഭ്യം പരത്തുന്ന അർത്ഥസമ്പുഷ്ടമായ ദർശനങ്ങൾ നൽകാൻ പര്യാപ്തമാകും വിധം ക്രിസ്തീയ മൂല്യങ്ങളുടെ അടിത്തറയിൽ സ്വയം വെളിപ്പെടുത്തുന്ന യുവജന മുന്നേറ്റം നമുക്കുണ്ടാകട്ടെ. പുതുതായി രംഗത്തുവന്ന ക്ലബ്ബ് ഹൗസുകൾ അടക്കമുള്ള വിവിധ സോഷ്യൽ മീഡിയ സാധ്യതകളിലൂടെ ആകർഷകമായ വിധത്തിൽ ദൈവവചന പ്രഘോഷണത്തിനും ക്രിസ്തീയ മൂല്യങ്ങൾ പങ്കുവയ്ക്കുന്നതിനും ഉപയോഗപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രതീക്ഷ നൽകുന്നവയാണ്. തിന്മയുടെ കൂരിരുട്ടിനെ നന്മയുടെ സദ്‌വാർത്തകൾ കൊണ്ടു കീഴടക്കുവാനുള്ള ക്രിസ്തുനാഥന്റെ സന്ദേശം നമ്മുടെ ഡിജിറ്റൽ പാതകളിൽ പ്രചോദനമാകട്ടെ.

സഭാദിനത്തോടനുബന്ധിച്ച് മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നൽകുന്ന ഇടയലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ത്രീയേക ദൈവം - ക്രിസ്തു മതത്തിന്റെ അനന്യമായ ദൈവദർശനം' എന്ന ലേഖനം എഴുതിയിരിക്കുന്നത് ഡോക്ട്രിനൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ ആണ്. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ചും ക്ഷേമനിധികളെക്കുറിച്ചുമുള്ള ലേഖനം ഷെവലിയാർ അഡ്വ. വി. സി സെബാസ്റ്റ്യൻ എഴുതുന്നു. സീറോമലബാർ സഭാ വക്താവായ ഡോ. ചാക്കോ കാളംപറമ്പിൽ എഴുതിയ '80:20 ഹൈക്കോടതി വിധി നടപ്പാക്കി, സാമൂഹിക നീതി ഉറപ്പാക്കണം' എന്ന ലേഖനവും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന വ്യത്യസ്തമായ നിരവധി വാർത്തകൾ ഈ ലക്കത്തിലുണ്ട്. കോവിഡ് രോഗകാലത്ത് സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ഏറെ ജാഗ്രതയോടെ പ്രവർത്തനനിരതമായ നിരവധി രൂപതകളും സമർപ്പിത സമൂഹങ്ങളും നൽകുന്ന വാങ്മയ ചിത്രങ്ങൾ പ്രചോദനാത്മകമാണ്. സീറോമലബാർ സഭയുടെ പ്രചോദനാത്മക പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും ഈ കോവിഡുകാലത്തിന്റെ അരിഷ്ടതകളെ അതിജീവിക്കുവാൻ പര്യാപ്തമാകട്ടെ.

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ എല്ലാ വായനക്കാർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.



ഫാ. അലക്സ് ഓണംപള്ളി
ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ

# ത്രിയേകദൈവം – ക്രിസ്തുമതത്തിന്റെ അനന്യമായ ദൈവദർശനം



ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ
സെക്രട്ടറി, സീറോമലബാർ ഡോക്ട്രിനൽ കമ്മീഷൻ

വിവിധ മതവിശ്വാസികൾ വ്യത്യസ്ത ദൈവദർശനങ്ങൾ ഉള്ളവരാണ്. ഏകദൈവവിശ്വാസികളും ബഹുദൈവവിശ്വാസികളും പ്രാപഞ്ചികയാഥാർത്ഥ്യങ്ങളെ ദൈവമായിക്കരുതി ആരാധിക്കുന്നവരും ഉണ്ട്. ക്രൈസ്തവരായ നാം ത്രിയേക ദൈവത്തിൽ (പരിശുദ്ധ ത്രിത്വത്തിൽ) വിശ്വസിക്കുന്നവരാണ്.

### 1. പരിശുദ്ധ ത്രിത്വം – ഒരു ദൈവികരഹസ്യം

മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്ക് അതീതവുമായ ഒരു ദൈവികരഹസ്യമാണ് പരിശുദ്ധ ത്രിത്വം. ദൈവം ഒരുവനേയുള്ളൂ. ആ ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നാളുകളുണ്ട്. ഈ മൂവരും ഒരുപോലെ ആരംഭവും അവസാനവും ഇല്ലാത്തവരാണ്. തുല്യമായ ശക്തിയും അറിവും മഹത്വവുമുള്ള ഈ മൂവരും മൂന്നു വ്യക്തികളാണ്. എന്നാൽ മൂന്നു ദൈവങ്ങളല്ല, മൂവരുംകൂടി ഒരേ ഒരു ദൈവം മാത്രം. ഒരേ ദൈവികസത്തയിൽ തുല്യമായി പങ്കുചേരുന്ന മൂന്നു വ്യക്തികൾ. അതായത് സത്തയിൽ ഏകത്വവും വ്യക്തിത്വത്തിൽ ത്രിത്വവും.

### 2. മനുഷ്യബുദ്ധികൊണ്ട് പൂർണമായി ഗ്രഹിക്കാൻ സാധിക്കാത്ത ത്രിയേക ദൈവത്തിൽ എന്തുകൊണ്ടാണ് നാം വിശ്വസിക്കുന്നത്?

ത്രിയേക ദൈവത്തെ ഈശോ നമുക്ക് വെളിപ്പെടുത്തിത്തന്നതുകൊണ്ടാണ് ക്രൈസ്തവരായ നാം ത്രിയേക ദൈവത്തിൽ വിശ്വസിക്കുന്നത്. 'പരിശുദ്ധ ത്രിത്വം' എന്ന പദമോ 'ത്രിയേക ദൈവം' എന്ന പദമോ ഈശോ ഉപയോഗിച്ചതായി വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്നില്ല. എന്നാൽ തന്റെ പ്രവൃത്തികളിലൂടെയും വചനങ്ങളിലൂടെയും ജീവിതത്തിലൂടെയും ഈശോ ത്രിയേക ദൈവത്തെ വെളിപ്പെടുത്തി.

പരിശുദ്ധ ത്രിത്വം സത്തയിൽ ഏകമാണ്. പരിശുദ്ധ ത്രിത്വത്തിലെ വ്യതിരിക്തമായ മൂന്നു വ്യക്തികൾ പരിപൂർണ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അവസ്ഥയിലാണ്. അപ്രകാരം ത്രിയേകദൈവം പരസ്പര സമാശ്ലേഷത്തിന്റെയും സ്വയംദാനത്തിന്റെയും പൂർണതയാണ്. ഈശോയുടെ വചനങ്ങളിൽ ഈ കൂട്ടായ്മ കാണാൻ സാധിക്കും. "ഞാനും പിതാവും ഒന്നാണ്" (യോഹ 10.30). "ഞാൻ പിതാവിലും പിതാവ് എന്നിലുമാണ്" (യോഹ 10.30). പരിശുദ്ധ ത്രിത്വത്തിലെ ദൈവികവ്യക്തികൾ തമ്മിലുള്ള ഐക്യവും സ്നേഹവും സ്വയംദാനവും പൂർണമാണ്.



പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകസത്തയാണ്. ദൈവത്വത്തിന്റെ ഏതെങ്കിലും ഒരു അംശമോ ഭാഗമോ അല്ല, ദൈവത്വം മുഴുവനും പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും സ്ഥിതിചെയ്യുന്നു. ദൈവികസത്ത പൂർണമായി പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ഉണ്ട്. സത്തയിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരു ദൈവമാണ്; ആളത്തത്തിൽ മൂന്നാണ്. അതുകൊണ്ടാണ് നാം ത്രിയേകദൈവം എന്നു വിശേഷിപ്പിക്കുന്നത്.

### 3. ക്രൈസ്തവരായ നാം സ്വീകരിക്കേണ്ട നിലപാട്

നിത്യമായി സ്വയം നൽകുന്ന സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പൂർണതയാണ് ദൈവം എന്ന ദർശനം ക്രിസ്തുമതത്തിന്റെ മാത്രം അനന്യതയാണ്. സ്നേഹം വഴിഞ്ഞൊഴുകുന്ന പരസ്പര ദാനത്തിന്റെ കൂട്ടായ്മയാണ് ദൈവം എന്ന ക്രൈസ്തവ ദർശനം അനന്യമാണ്.

ദൈവത്തിന്റെ ആന്തരികജീവിതത്തെയോ സ്വഭാവത്തെയോ മനുഷ്യബുദ്ധികൊണ്ട് പൂർണമായി അപഗ്രഥിച്ചു മനസ്സിലാക്കുക സാധ്യമല്ല. ഒരു മനുഷ്യവ്യക്തിയെപ്പോലും ആഴമായി അപഗ്രഥിച്ചു മനസ്സിലാക്കുവാൻ നമുക്കു സാധിക്കുന്നില്ല. ദൈവത്തെയും പൂർണമായി അപഗ്രഥിച്ചു മനസ്സിലാക്കുവാനോ വിശകലനം ചെയ്തു വിശദീകരിക്കാനോ മനുഷ്യബുദ്ധികൊണ്ട് സാധ്യമല്ല. വ്യക്തികളെ നാം മനസ്സിലാക്കുന്നത് സ്നേഹബന്ധത്തിലൂടെയാണ്. പരിശുദ്ധ ത്രിത്വം എന്ന ദൈവികരഹസ്യത്തെയും നാം മനസ്സിലാക്കേണ്ടത് വ്യക്തിപരമായ സ്നേഹ-ബന്ധത്തിലൂടെയാണ്.

ഒരു ദൈവം എങ്ങനെ മൂന്നാളുകളായിരിക്കുന്നു എന്ന ചോദ്യത്തിന് യുക്തിപരമായ ഉത്തരം നൽകാൻ ശ്രമിക്കുന്നതിനേക്കാൾ ഈശോ നമുക്കു വെളിപ്പെടുത്തിയ ത്രിയേകദൈവത്തിലുള്ള വിശ്വാസം ഹൃദയപൂർവം സ്വീകരിച്ച് സ്വയം ദാനത്തിന്റെയും സമർപ്പണത്തിന്റെയും കൂട്ടായ്മയുടെയും ഉദാത്ത മാതൃകകളായി ജീവിക്കാനാണ് ക്രൈസ്തവരായ നാം പരിശ്രമിക്കേണ്ടത്. കൂട്ടായ്മയുടെ ദൈവം നമ്മെ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ജീവിതം നയിക്കാൻ ക്ഷണിക്കുന്നു.

*സഹായകഗ്രന്ഥങ്ങൾ: ഡോ. മൈക്കിൾ കാരിമറ്റം – വിശ്വാസത്തിന്റെ വേരുകൾ,*
*ഡോ. ജോസഫ് കല്ലറങ്ങാട്ട് – ദൈവശാസ്ത്രനിഘണ്ടു*

# പത്താം വർഷത്തിലേക്ക് പ്രവേശിച്ച് ഫരീദാബാദ് രൂപത





ഡൽഹി: സ്തുത്യർഹമായ ഒൻപത് വർഷങ്ങൾ പൂർത്തിയാക്കി 2021 മെയ് 27-ന് പത്താം വർഷത്തിലേക്ക് ഫരീദാബാദ് രൂപത പ്രവേശിച്ചു. ആർച്ച്ബിഷപ് മാർ കുര്യാക്കോസ് ഭരണികുളങ്ങരയുടെ അധ്യക്ഷതയിൽ ഓൺലൈനായി ഉദ്ഘാടന ചടങ്ങുകൾ നടന്നു. വൈകിട്ട് ആറ് മണിക്ക് നടന്ന ഓൺലൈൻ മീറ്റിംഗിൽ ആർച്ച്ബിഷപ് മാർ കുര്യാക്കോസ് കഴിഞ്ഞ ഒൻപത് വർഷത്തിനിടെ രൂപതയുടെ ഉന്നമനത്തിനും വളർച്ചക്കും വേണ്ടി അഹോരാത്രം തന്നോടൊപ്പം അദ്ധ്വാനിച്ച വൈദീകരെയും സന്യസ്ഥരെയും വിശ്വാസികളെയും പ്രത്യേകം അനുസ്മരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. ഡൽഹി മിഷന്റെ ആദ്യകാല കോർഡിനേറ്ററും പിന്നീട് ഫരീദാബാദ് രൂപതയുടെ വികാരി ജനറാളുമായി സേവനം അനുഷ്ഠിച്ച ഫാ. ജോസ് ഇടശ്ശേരി സന്ദേശം നൽകുകയും രൂപതയുടെ ആരംഭം മുതൽ രൂപതയിൽ സേവനം ചെയ്തു വരുന്ന ഫാ. ബെന്നി പാലാട്ടി തന്റെ അനുഭവങ്ങൾ പങ്കുവെക്കുകയും എല്ലാവരെയും പരിപാടിയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.



വൈകിട്ട് ഏഴ് മണിയോടെ ആർച്ച്ബിഷപ് തിരിതെളിച്ച് പത്താം വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും കൃതജ്ഞതാബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് നടന്ന അഭിനന്ദന ചടങ്ങിൽ രൂപത സഹായമെത്രാൻ ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ, മുൻ വികാരി ജനറാൾമാരായ ഫാ. സെബാസ്റ്റ്യൻ വടക്കുംപാടൻ, ഫാ. ജോസ് ഇടശ്ശേരി, മുൻ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരായ ശ്രീ സി സി ജോസ്, ശ്രീ പി ജെ തോമസ്, ഹോളി ഫാമിലി സഭയുടെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഭവ്യ, ഫാ. എബിൻ കുന്നപ്പിള്ളി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ എ സി വിൽസൺ, ഡി എസ് വൈ എം പ്രസിഡന്റ് ഗ്ലോറി റോസ് റോയ് എന്നിവർ സംസാരിച്ചു.

രൂപതയുടെ ആരംഭത്തിന്റെയും വികസനത്തിന്റെയും ഹ്രസ്വചരിത്രം ചിത്രീകരിച്ച വീഡിയോ പ്രദർശിപ്പിച്ചു. മോൺ. ജോസഫ് ഓടനാട്ട്, ഫാ. ജോയ്സൺ പുതുശ്ശേരി, ഫാ. ജിതിൻ വടക്കേൽ, ഫാ. ഫ്രിജോ തറയിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ഉദ്ഘാടനചടങ്ങും ദിവ്യബലിയും അനുമോദന ചടങ്ങും രൂപതയുടെ യൂട്യൂബ് ചാനലായ ട്രൂത്ത് ടൈഡിംഗ്സിൽ തൽസമയം സംപ്രേഷണം ചെയ്തു.

### രൂപതയുടെ രൂപീകരണവും വളർച്ചയും

ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഉത്തർപ്രദേശിലെ ഗൗതമ ബുദ്ധ നഗർ, ഗാസിയാബാദ് എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് രൂപത. ഫരീദാബാദ് രൂപതയുടെ രൂപീകരണത്തിന് പിന്നിൽ ഡൽഹി സീറോമലബാർ മിഷന്റെ 35 വർഷത്തെ ചരിത്രം ഉണ്ട്. ഡൽഹിയിലെ സീറോമലബാർ അംഗങ്ങളെപ്പറ്റി പഠിക്കാനായി 1978-ൽ കാർഡിനൽ ആന്റണി പടിയറയുടെ സന്ദർശനത്തോടെയാണ് ഡൽഹി സീറോമലബാർ മിഷൻ ആരംഭം കുറിക്കുന്നത്. 1988-ൽ ഡൽഹിയിലെയും പരിസര പ്രദേശങ്ങളിലേയും സീറോമലബാർ സഭാംഗങ്ങളുടെ ക്ഷേമത്തിനായി സെന്റ് തോമസ് കാത്തലിക്സ് വെൽഫയർ അസോസിയേഷൻ രൂപീകരിച്ചു. സീറോമലബാർ ബിഷപ്സ് കോൺഫറൻസ് എറണാകുളം-അങ്കമാലി അതിരൂപതയെ ഡൽഹി മിഷന്റെ ചുമതല ഏൽപിച്ചു.

1991-ൽ ഔദ്യോഗികമായി ഫാ. സെബാസ്റ്റ്യൻ വടക്കുംപാടന്റെ നേതൃത്വത്തിൽ ആരംഭം കുറിച്ച ഡൽഹി മിഷൻ, രൂപതയാകുന്നതുവരെ നേതൃത്വം നൽകിയിരുന്നത് എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരായിരുന്നു. 2012-ൽ രൂപത സ്ഥാപിതമാകുന്ന സമയത്ത് 23 പേഴ്സണൽ പാരിഷുകളും 14 മാസ് സെന്ററുകളും ഫരീദാബാദ് രൂപതക്ക് ഉണ്ടായിരുന്നു.

2012 മാർച്ച് ആറിന് രൂപംകൊണ്ട ഈ രൂപതയുടെ പ്രഥമ ഇടയനായി ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണികുളങ്ങരയെ നിയമിച്ചു. 2012 മെയ് 26-നു നടന്ന സ്ഥാനാരോഹണ കർമ്മത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യ കാർമികത്വം വഹിച്ചു. പ്രസ്തുത തിരുക്കർമ്മങ്ങളിൽ സിബിസിഐ പ്രസിഡന്റ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് സാൽവത്തോരെ പെന്നാക്കിയോ തുടങ്ങി അനേകം രാഷ്ട്രീയ സാമൂഹിക മേഖലയിലെ പ്രമുഖരും സന്നിഹിതരായിരുന്നു.

ലാറ്റിൻ, സീറോമലങ്കര രൂപതകളുമായി ഊഷ്മളമായ ബന്ധം ഊട്ടിയുറപ്പിക്കുന്നതിൽ ഇന്നും രൂപത വളരെയേറെ ശ്രദ്ധ നൽകുന്നു. ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയ ജോയിന്റ് പാസ്റ്ററൽ ലെറ്റർ ഇന്നും സഭാകൂട്ടായ്മയിൽ പ്രശംസാർഹമായി നിലകൊള്ളുന്നു.

ഇന്ത്യയുടെ തലസ്ഥാനനഗരിയിലുള്ള രൂപത എന്ന നിലയിൽ രാഷ്ട്രീയ സൗഹൃദങ്ങളെ നിലനിർത്തുന്നതിന് രൂപതാ നേതൃത്വം മുൻഗണന നൽകിയിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി ഔദ്യോഗികമായി കൂടിക്കാഴ്ച്ച സംഘടിപ്പിച്ച ആദ്യത്തെ രൂപതയാണ് ഫരീദാബാദ്. കൂടാതെ, ഡൽഹി മുഖ്യമന്ത്രി ശ്രീ കെജരിവാൾ, വിവിധ എംപിമാർ, എംഎൽഎമാർ എന്നിവരുമായുള്ള രൂപതയുടെ ഇടപെടലുകളും ശ്രദ്ധേയമാണ്.

സാന്തോം ബൈബിൾ കൺവെൻഷൻ രൂപതയുടെ മുഖമുദ്രയായി നിലകൊള്ളുന്നു. രൂപതാ കുടുംബം ഒന്നുചേർന്ന് പ്രാർത്ഥിക്കുന്ന ഈ മനോഹര സുദിനങ്ങൾ രൂപതക്കും രൂപതയിലെ ഓരോ കുടുംബത്തിനും പകർന്നുനൽകുന്ന ആത്മീയചൈതന്യം വലുതാണ്. സെയിന്റ് ജോസഫ് സർവീസ് സൊസൈറ്റിയുടെ കുടക്കീഴിൽ ശ്രദ്ധേയവും ശ്ലാഘനീയവുമായ നിരവധി സാമൂഹിക ഇടപെടലുകൾ നടത്തിവരുന്നു. ഹരിയാനയിലുള്ള സാൻജോപുരം ചിൽഡ്രൻസ് വില്ലേജ് ഇതിനോടകംതന്നെ രൂപതയുടെ സാമൂഹിക പ്രതിബദ്ധതയുടെ മുഖമായി മാറികഴിഞ്ഞു.

2019-ൽ കേരളത്തിലുണ്ടായ പ്രളയക്കെടുതിയിൽ ഫരീദാബാദ് രൂപത നടത്തിയ പ്രവർത്തനങ്ങൾ അങ്ങേയറ്റം പ്രശംസ പിടിച്ചുപറ്റിയിരുന്നു. ഡൽഹിയിലെ വിശ്വാസികൾ ജന്മനാടിനെ ആവോളം നെഞ്ചിലേറ്റി എന്നത് വിസ്മരിക്കാനാവാത്ത വസ്തുതയാണ്. ലോകം മുഴുവൻ വിറങ്ങലിച്ചു നിന്നുപോയ കോവിഡ് എന്ന മഹാമാരിക്കു മുന്നിൽ ഈ പ്രവാസി രൂപതയിലെ വൈദികരും സന്യസ്തരും അല്മായരും ഒന്നുചേർന്നപ്പോൾ ആശ്വാസവും സഹായവും ലഭിച്ചത് അനേകായിരം ജീവിതങ്ങൾക്കാണ്. ഈ മഹാമാരി വരുത്തിവച്ച നഷ്ടങ്ങൾക്ക് മറ്റൊന്നും പകരംവെക്കാൻ ഇല്ലെങ്കിലും സ്വജീവൻ പോലും മറന്നുകൊണ്ടുള്ള രൂപതയിലെ വൈദികരുടെ നേതൃത്വത്തിലുള്ള രൂപതാംഗങ്ങളുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

ഈ ചുരുങ്ങിയ കാലയളവിൽ 25 ഓളം വൈദികരെയും എഴുപതോളം വൈദിക വിദ്യാർഥികളെയും നേടാൻ രൂപതക്ക് സാധിച്ചു. തൊടുപുഴയിലുള്ള തൊമ്മൻകുത്തിൽ ആരംഭിച്ച സെന്റ് കുര്യാക്കോസ് ചാവറ മൈനർ സെമിനാരിയുടെ സ്ഥാപനവും, രൂപത ദൈവവിളി പ്രോത്സാഹനത്തിന് നൽകുന്ന പ്രാധാന്യത്തെ വിളിച്ചോതുന്നു. രൂപതയുടെ വളർച്ചയിൽ വിശ്വാസികൾ വഹിക്കുന്ന പങ്കിനെ വിസ്മരിക്കാനാവാത്തതാണ്. രൂപതയുടെ കഴിഞ്ഞു പോയ കാലങ്ങളിലെ പാസ്ററൽ കൗൺസിൽ അംഗങ്ങളായിരുന്നവരുടെ ദീർഘവീക്ഷണവും കഠിനാധ്വാനവും രൂപതയെ വളർത്തുന്നതിൽ മുഖ്യപങ്കുവഹിച്ചു. രൂപത രൂപീകരിക്കപ്പെട്ട സമയത്ത് 23 ഇടവകകൾ ഉണ്ടായിരുന്നത് ഇപ്പോൾ 40ന് മുകളിലേക്ക് ഉയർന്നു.

മുപ്പത്തിയഞ്ചോളം മിഷൻ സെന്ററുകളും നാലായിരത്തോളം വരുന്ന വിശ്വാസികളുമുള്ള പഞ്ചാബ് മിഷന്റെ വളർച്ചക്ക് രൂപത വളരെ പ്രാധാന്യം നൽകി. പഞ്ചാബിൽ ഇന്ന് കർമ്മനിരതനായിരിക്കുന്ന അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവിന്റെ കടന്നുവരവ് 2019 കാലഘട്ടത്തിലെ രൂപതയുടെ വളർച്ചക്ക് കൂടുതൽ ആക്കം നൽകി. പഞ്ചാബ് മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള പ്രചോദന മിഷൻ ആനിമേഷൻ സെന്ററിന്റെ ആരംഭം രൂപതയുടെ വളർച്ചയുടെ മറ്റൊരു പ്രധാന നാഴികക്കല്ലായിതീർന്നിരിക്കുന്നു.

# കൈത്താങ്ങായി മംഗലപ്പുഴ സെമിനാരി

ആലുവ: കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് കൈത്താങ്ങുമായി മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി. ആലുവ കോർപ്പറേഷനിലെ 1, 3, 17, 26 വാർഡുകളിൽപ്പെട്ട നൂറോളം കുടുംബങ്ങൾക്ക് സെമിനാരിയുടെ നേതൃത്വത്തിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. സെമിനാരി റെക്ടർ റവ. ഡോ. സെബാസ്റ്റ്യൻ പാലമൂട്ടിൽ കോർപ്പറേഷൻ കൗൺസിലർ ശ്രീ ഗൈൽസ് ദേവസി പയ്യപ്പിള്ളിക്ക് ഭക്ഷ്യകിറ്റുകൾ കൈമാറിക്കൊണ്ട് വിതരണോദ്ഘാടനം നിർവഹിച്ചു. പ്രളയകാലത്തും സെമിനാരിയുടെ നേതൃത്വത്തിൽ സാമൂഹിക സേവനങ്ങൾ ചെയ്തിട്ടുണ്ടെന്ന് കൗൺസിലർ ശ്രീ ഗൈൽസ് അനുസ്മരിച്ചു.





# ചെറുപുഷ്പ മിഷൻലീഗ് അനുശോചനയോഗം സംഘടിപ്പിച്ചു



ചെമ്മലമറ്റം: ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് പി.സി. എബ്രാഹം പല്ലാട്ടുകുന്നേലിന്റെ ഭാര്യ തെയ്യാമ്മയുടെ നിര്യാണത്തിൽ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി അനുശോചനയോഗം സംഘടിപ്പിച്ചു. പ്ലാറ്റിനം ജൂബിലിയിലേക്കു പ്രവേശിക്കുന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപകനായിരുന്ന കുഞ്ഞേട്ടന്റെ ഓരോ പ്രവർത്തനങ്ങളിലും നിരന്തരം സഹകരിച്ച വ്യക്തിയായിരുന്നു ഭാര്യ തെയ്യാമ്മയെന്നു യോഗം അനുസ്മരിച്ചു. വൊക്കേഷൻ കമ്മീഷൻ ചെയർമാനും തിരുവല്ല രൂപത രക്ഷാധികാരിയുമായ റവ. ഡോ. തോമസ് കുറിലോസ് പിതാവ്, മിഷൻലീഗ് സംസ്ഥാന ഡയറക്ടർ ഫാ. ജോബി പൂച്ചക്കണ്ടത്തിൽ, സംസ്ഥാന പ്രസിഡന്റ് ബിനു മാങ്കൂട്ടം, സംസ്ഥാന ജനറൽ സെക്രട്ടറി ഷിനോ മോളത്ത്, വൈസ് ഡയറക്ടർ ഫാ. ഷിജു ഐക്കരകാനായിൽ എന്നിവർ അനുശോചന സന്ദേശം നൽകി. ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾക്ക് തെയ്യാമ്മ പല്ലാട്ടുകുന്നേൽ നൽകിയ സേവനങ്ങൾ നിസ്തുലമാണെന്നും യോഗം അനുസ്മരിച്ചു.

# പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണജൂബിലി വർഷത്തിൽ മാർ ജോർജ് ഞരളക്കാട്ട് പിതാവിന് 75 വയസ്

തലശേരി: തലശേരി അതിരൂപതാധ്യക്ഷനും ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ വൈസ് പ്രസിഡന്റുമായ ആർച്ച്ബിഷപ് മാർ ജോർജ് ഞരളക്കാട്ട് പിതാവിന് 75 വയസ് ജൂൺ 23ന് പൂർത്തിയായി. അതിരൂപതാ കേന്ദ്രത്തിലെ വൈദികരോടൊപ്പം രാവിലെ ആർച്ച് ബിഷപ്പ്സ് ഹൗസ് ചാപ്പലിൽ വിശുദ്ധ കുർബോന അർപ്പിച്ചു. പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ ജൂബിലി വർഷം കൂടിയാണ് മാർ ജോർജ് ഞരളക്കാട്ട് പിതാവിന് ഈ വർഷം.



തലശേരി അതിരൂപതയുടെ തൃതീയ അധ്യക്ഷനായി 2014 ഒക്ടോബർ 30നാണ് പിതാവ് ചുമതലയേറ്റത്. മലബാർ മേഖലയിലെ ക്രൈസ്തവസമൂഹത്തിനു മുഴുവൻ നേതൃത്വം കൊടുക്കുന്ന നല്ല ഇടയനാണ് മാർ ജോർജ് ഞരളക്കാട്ട് പിതാവ്. ആത്മീയമേഖലയിൽ മാത്രമല്ല, സാമൂഹ്യസാംസ്കാരികരാഷ്ട്രീയ മേഖലകളിലും അദ്ദേഹത്തിന്റെ സജീവസാന്നിധ്യമുണ്ട്. കർഷകരുടെ ഉന്നമനത്തിനുവേണ്ടിയും അവകാശങ്ങൾക്കുവേണ്ടിയുമുള്ള പോരാട്ടങ്ങൾക്ക് ധീരമായ നേതൃത്വം കൊടുത്തുകൊണ്ടാണ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് ശ്രദ്ധേയനാകുന്നത്.

കോതമംഗലം രൂപതയിലെ ആരക്കുഴയിൽ 1946 ജൂൺ 23ന് ഞരളക്കാട്ട് വർക്കി-മേരി ദമ്പതികളുടെ മകനായി മാർ ജോർജ് ഞരളക്കാട്ട് പിതാവ് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ആരക്കുഴയിലായിരുന്നു. 1960ൽ അദ്ദേഹത്തിന്റെ കുടുംബം വയനാട്ടിലെ നടവയലിലേക്കു കുടിയേറി. നടവയൽ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്ന് എസ്എസ്എൽസി പാസായശേഷം തലശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ വൈദികപഠനത്തിനായി ചേർന്നു. ആലുവ മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽനിന്ന് തത്വശാസ്ത്ര ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി തലശേരി രൂപതയ്ക്കുവേണ്ടി 1971 ഡിസംബർ 20ന് പുണ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. തലശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദേവാലയത്തിൽ വച്ചായിരുന്നു പൗരോഹിത്യ സ്വീകരണം.

കണിച്ചാർ ഇടവകയിൽ സഹവികാരിയായിട്ടായിരുന്നു ആദ്യനിയമനം. പിന്നീട് വയനാട്ടിലുള്ള അരിഞ്ചേർമല, കണിയാമ്പറ്റ ഇടവകകളുടെ വികാരിയായി. 1973ൽ മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ ആ രൂപതയിൽ ചേർന്ന് ഇടവക വികാരി, മിഷൻലീഗ് ഡയറക്ടർ, അതിരൂപത പ്രൊക്യുറേറ്റർ, പാസ്റ്ററൽ സെന്റർ ഡയറക്ടർ, വികാരി ജനറാൾ തുടങ്ങിയ നിലകളിൽ സേവനം ചെയ്തു. മാനന്തവാടി രൂപതാധ്യക്ഷൻ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ആകസ്മിക നിര്യാണത്തെത്തുടർന്ന് ഒഴിവ് വന്നപ്പോൾ രൂപതാ അഡ്മിനിസ്ട്രേറ്ററായി നിയമിതനായി.

2008ൽ ഭദ്രാവതി രൂപത സ്ഥാപിതമായപ്പോൾ അവിടെ ആദ്യത്തെ വികാരി ജനറാളായി. 2010ൽ മണ്ഡ്യ ആസ്ഥാനമാക്കി പുതിയ രൂപതയുണ്ടായപ്പോൾ അവിടെ പ്രഥമ മെത്രാനായി നിയമിതനാകുകയും 2010 ഏപ്രിൽ ഏഴിന് തലശേരി ആർച്ച്ബിഷപ്പായിരുന്ന മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്ന് മെത്രാഭിഷേകം സ്വീകരിക്കുകയും ചെയ്തു. ബംഗളൂരു നഗരം ഉൾപ്പെടുന്ന മണ്ഡ്യ രൂപതയ്ക്ക് രൂപഭാവങ്ങൾ ഉണ്ടാക്കിയെടുത്തത് മാർ ഞറളക്കാട്ട് പിതാവിന്റെ അക്ഷീണ പ്രയത്നം മൂലമാണ്.

മതബോധന ദൈവശാസ്ത്രത്തിൽ റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയിട്ടുള്ള മാർ ജോർജ് ഞറളക്കാട്ട് പിതാവ് സീറോമലബാർ മതബോധനകമ്മീഷൻ ചെയർമാൻ, കെസിബിസി ഹെൽത്ത് കമ്മീഷൻ ചെയർമാൻ, കുന്നോത്ത് ഗുഡ്ഷെപ്പഡ് മേജർ സെമിനാരി കമ്മീഷൻ ചെയർമാൻ, ദൈവവിളി കമ്മീഷൻ അംഗം, സീറോമലബാർ സ്ഥിരം സിനഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു.

## കൂരിയ വാർത്തകൾ

## സീറോമലബാർ സഭയുടെ വിശ്വാസപരിശീലന അധ്യയന വർഷം ഉദ്ഘാടനം ചെയ്തു

കാക്കനാട്: സീറോമലബാർ സഭയുടെ വിശ്വാസപരിശീലന അധ്യയന വർഷം മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. വിശ്വാസത്തെക്കുറിച്ചുള്ള അറിവിൽ പരിപോഷിപ്പിക്കപ്പെടാനും കൗദാശിക ജീവിതത്തിൽ ആഴപ്പെടാനും വിശ്വാസ പരിശീലനത്തിലൂടെ സഭ ലക്ഷ്യമിടുന്നതായി അദ്ദേഹം പറഞ്ഞു. ഈശോയുടെ വ്യക്തിത്വത്തിൽ വളരുക, പ്രാർഥനാ ജീവിതത്തിലുള്ള പരിശീലനം നേടുക, സമൂഹത്തിൽ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ കുട്ടികളെ പ്രാപ്തരാക്കുക മുതലായ ദർശനങ്ങളും വിശ്വാസ പരിശീലനത്തിന്റെ ലക്ഷ്യമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. ദൈവവചനം പങ്കുവയ്ക്കുന്നതിലൂടെ ഈശോയെ വ്യക്തിജീവിതത്തിൽ സാക്ഷ്യപ്പെടുത്താൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കുകയാണു വിശ്വാസ പരിശീലനത്തിലൂടെ നാം ചെയ്യുന്നതെന്നു വിശ്വാസ പരിശീലന കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോർജ് ഞരളക്കാട്ട് സന്ദേശത്തിൽ പറഞ്ഞു. കോവിഡ് സാഹചര്യത്തിൽ ടിവി ചാനലുകളും ഈ ഉത്തരവാദിത്തം ഏറ്റെടുക്കുന്നത് അഭിനന്ദനാർഹമാണെന്ന് അദ്ദേഹം പറഞ്ഞു.



കേരളത്തിലെ വിവിധ രൂപത മതബോധന കേന്ദ്രങ്ങൾ തയാറാക്കിയ ക്ലാസുകൾ കോവിഡ് -19ന്റെ പശ്ചാത്തലത്തിൽ കത്തോലിക്കാ ടെലിവിഷൻ ചാനലുകൾ സംപ്രേഷണം ചെയ്യുമെന്നു കമ്മീഷൻ സെക്രട്ടറി റവ. ഡോ. തോമസ് മേൽവെട്ടത്ത് അറിയിച്ചു. കിഡ്സ് വിഭാഗം മുതൽ 12-ാം ക്ലാസ് വരെയുള്ള പുസ്തക പാഠാവലികളാണ് വീഡിയോ ഫോർമാറ്റിൽ തയാറാക്കിയിട്ടുള്ളത്. ജൂൺ ആറിനു വിശ്വാസ പരിശീലന വിദ്യാർഥികളുടെ മാതാപിതാക്കൾക്കും അധ്യാപകർക്കുമുള്ള ഓറിയന്റേഷൻ ക്ലാസുകൾ നടത്തി. ജൂൺ ഏഴു മുതൽ വിവിധ സമയങ്ങളിലായി ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ടിവി ചാനലുകളിലൂടെയും വിശ്വാസ പരിശീലന ക്ലാസുകൾ സംപ്രേഷണം ചെയ്തുവരുന്നു. ഇംഗ്ലീഷ് വിശ്വാസ പരിശീലന ക്ലാസുകൾ താമസിയാതെ സംപ്രേഷണം ആരംഭിക്കുന്നതാണ്.

ഉദ്ഘാടന സമ്മേളനത്തിൽ റവ. ഡോ. തോമസ് മേൽവെട്ടത്ത്, മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. അലക്സ് ഓണംപള്ളി, സി. ജിസ്ലറ്റ് MSJ, സി. പുഷ്പ MSJ, ബ്രദർ അലക്സ് നീണ്ടൂർ VC, കുര്യക്കോസ് തെക്കേപുറത്തുതടത്തിൽ എന്നിവർ നേതൃത്വം നൽകി.

## വിശ്വാസ പരിശീലകർക്കുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ തുടങ്ങി

കാക്കനാട്: സീറോമലബാർ സഭയുടെ വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ അധ്യാപകർക്കായി ഓൺലൈനിൽ നടക്കുന്ന ഓറിയന്റേഷൻ ക്ലാസ്സുകൾ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. വിശ്വാസപരിശീലനത്തിന്റെ രണ്ടു മുഖങ്ങളാണ് ദൈവവചനവും ആരാധനയും. വിശ്വാസപരിശീലനത്തിലൂടെ നമ്മൾ ഈശോയെ സാക്ഷ്യപ്പെടുത്തുന്ന സമൂഹമായി മാറണമെന്നും ഈ സംരംഭം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും എല്ലാ വിശ്വാസപരിശീലകരും ഇതിൽ പങ്കുചേരണമെന്നും ഉദ്ഘാടന സന്ദേശത്തിൽ കർദിനാൾ ആലഞ്ചേരി പറഞ്ഞു. വിശ്വാസപരിശീലന കമ്മീഷൻ ചെയർമാർ ആർച്ച്ബിഷപ് മാർ ജോർജ് ഞറളക്കാട്ട് അധ്യക്ഷത വഹിച്ചു. കമ്മീഷൻ അംഗങ്ങളായ മാർ ലോറൻസ് മുക്കുഴി, മാർ ജോസഫ് അരുമച്ചാടത്ത് എന്നീ പിതാക്കൻമാർ ഓൺലൈനിൽ നടന്ന മീറ്റിംഗിൽ ആശംസകൾ നല്കി. മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. തോമസ് കാട്ടുതുരുത്തി സ്വാഗതവും സി. ജിസ്ലെറ്റ് പ്രാർത്ഥനയും കമ്മീഷൻ സെക്രട്ടറി ഫാ. തോമസ് മേൽവെട്ടത്ത് നന്ദിയും പറഞ്ഞു. രൂപതാ ഡയറക്ടർമാരായ ഫാ. ജേക്കബ് വെണ്ണായപ്പിള്ളി (തലശ്ശേരി അതിരൂപത), ഫാ. ജോൺ പള്ളിക്കാവയലിൽ (താമരശ്ശേരി രൂപത) എന്നിവർ നേതൃത്വം കൊടുത്തു. മുൻകൂട്ടി രജിസ്റ്റർ ചെയ്ത നാലായിരത്തിലധികം അധ്യാപകർ ആദ്യ ദിനം ക്ലാസ്സിൽ പങ്കെടുത്തു. 18 ദിവസങ്ങളിലായി നടക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട 18 വിഷയങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യൂട്യൂബ് ചാനൽ വഴി (THE SYNODAL COMMISSION FOR CATECHESIS) വൈകിട്ട് 8.30 മുതൽ നടക്കുന്ന ലൈവ് ടെലകാസ്റ്റിൽ പങ്കെടുക്കാവുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

1 –ാം പേജിൽ നിന്നും തുടർച്ച

# സഭാദിനം – ദുക്റാനതിരുനാൾ



ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ എങ്ങനെ വഴി അറിയും?" എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, "ഞാനാകുന്നു വഴിയും സത്യവും ജീവനു"മെന്ന (യോഹ. 14:6) സുപ്രധാനമായ വെളിപ്പെടുത്തൽ ഈശോ നടത്തിയത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗം എന്ന സത്യം നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാശ്ലീഹായ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമാശ്ലീഹായുടെ സാന്നിധ്യവും ഇടപെടലുകളും ഈശോയിൽ വിശ്വസിക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

## ഓൺലൈൻ ശൈലി

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഏകോപനം സി.ബി.സി.ഐ., കെ.സി.ബി.സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിത സമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ വിധത്തിൽ സഭാജീവിതത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധത്തിൽ നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു!

കോവിഡ്-19ന്റെ സാഹചര്യം മൂലം 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ് നടത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ പരി. സിംഹാസനം നൽകിയിട്ടുണ്ട്.

## സഭാ വാർത്തകൾ

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചകാര്യം ഇതിനകം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് ലെയോപോൾദോ ജിറേല്ലി കഴിഞ്ഞ മെയ് മാസം 28-ാം തീയതി ചാർജ് എടുത്തിട്ടുണ്ട്. പുതിയ അപ്പസ്തോലിക് ന്യൂൺഷ്യോയെ നമുക്കു സ്നേഹപൂർവം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച്ബിഷപ് ജംബത്തിസ്ത്ത ദിക്വാത്രോയ്ക്കു നമുക്കു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാം. സീറോമലബാർ സഭാംഗങ്ങളായ മെത്രാന്മാർ ഭാരതത്തിലും വിദേശരാജ്യങ്ങളിലും ലത്തീൻ രൂപതകളിൽ ശുശ്രൂഷചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് സന്യാസസമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാംശംസകളും!

## നമ്മുടെ സഭയിലെ വൈദികപരിശീലനം

ലോക്ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ സെമിനാരി കമ്മീഷനുകളും സന്യാസസമൂഹങ്ങളും സെമിനാരികളിലെ ഉത്തരവാദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചു കഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരി. സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകരണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസപരിശീലന പദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസുകളും അധ്യാപകർക്കു വേണ്ടിയുള്ള ക്ലാസുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയംനിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽനിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കിലെടുത്തു പല നൂതന പരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയിലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമാണവും സോഫ്റ്റ് വെയർ വികസിപ്പിക്കലും സീറോമലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാന പരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 'സീറോമലബാർ വിഷൻ', 'മൗണ്ട് വിഷൻ' എന്നീ രണ്ട് ഓൺലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോമലബാർ ഹെറിറ്റേജ് ആന്റ് റിസേർച്ച് സെന്റർ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പത്തിക പരാധീനതകൾ മൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർത്തനവും പ്രവാസികൾക്കായുള്ള കർമപരിപാടികളും ദൈവവിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പുകളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

## ജനക്ഷേമ പ്രവർത്തനങ്ങൾ

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽ സർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ. സി. ബി. സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി. ഒ. സി. കേന്ദ്രമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസികളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിനോടു സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിതസമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനമർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന പദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധരാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്.

കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

## അർഹമായ അവകാശങ്ങൾ

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതിബദ്ധതയോടെയും സമഭാവനയോടെയും പ്രവർത്തിക്കണം. അതുപോലെ സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹമായ അവകാശങ്ങൾ വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപനവും ആരുടെയും ഭാഗത്തുനിന്നുണ്ടാകരുത്. സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവ സമീപനവും നഷ്ടപ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹിക വിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്. സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

## അവസാനമായി

കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാക്കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്നതല്ല എന്ന തിരിച്ചറിവും ഈ കാലഘട്ടം നമുക്കു നൽകുന്നുണ്ട്. "കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല.... മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് ഞാൻ നകടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല" (സങ്കീ. 23:1-4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. നല്ല സമറിയാക്കാരനെപ്പോലെ ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ളവർക്കു നൽകുവാൻ സമർപ്പണ മനോഭവത്തോടെ നമുക്കു പരിശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധ കുർബാനയുടെ അനുഭവം ഏതെങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിടത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാ തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
**സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്**

ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2021 ജൂൺ 27 -ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

ചങ്ങനാശേരി
അതിരൂപത

## പ്രളയബാധിത പ്രദേശങ്ങളിൽ വാക്സിനേഷന് മുൻഗണന നൽകണം: ചങ്ങനാശേരി അതിരൂപത

ചങ്ങനാശേരി: മഴയുടെ തീവ്രത വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കുട്ടനാടും ആലപ്പുഴ, കോട്ടയം ജില്ലകളിലെ പല പ്രദേശങ്ങളും ഗുരുതരമായ വെള്ളപ്പൊക്ക ഭീഷണിയിലാണ്. മുൻ വർഷങ്ങളിലേതിനു സമാനമായ സാഹചര്യങ്ങൾ ഉണ്ടായേക്കുമോ എന്ന ഭീതിയിലാണ് ജനങ്ങൾ. ആളുകളെ ക്യാമ്പുകളിലേക്ക് മാറ്റി താമസിപ്പിക്കേണ്ടതുമായ സാഹചര്യങ്ങൾ മുൻകൂട്ടി കാണേണ്ടതായിട്ടുണ്ട്. കോവിഡ് പടർന്നു പിടിക്കാൻ ഇത് കാരണമാകും. അതിനാൽ ഈ പ്രദേശങ്ങളിലുള്ളവരെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്തി അടിയന്തരമായി കോവിഡ് വാക്സിൻ നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, ആരോഗ്യ



വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്, ആലപ്പുഴ ജില്ലയിലെ സാഹചര്യങ്ങൾ നേരിട്ട് അറിയാവുന്ന ഫിഷറീസ് വകുപ്പു മന്ത്രി ശ്രീ സജി ചെറിയാൻ എന്നിവർക്ക് നിവേദനങ്ങൾ അയച്ചു.

ഇരിങ്ങാലക്കുട
രൂപത

## കാരുണ്യത്തോടെ ഹൃദയ

ഇരിങ്ങാലക്കുട: കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കഷ്ടത അനുഭവിക്കുന്ന രോഗികൾക്കും കുടുംബങ്ങൾക്കും ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തുകൊണ്ട് ഇരിങ്ങാലക്കുട രൂപതയുടെ ഹൃദയ പാലിയേറ്റീവ് കെയർ. സാനിറ്റൈസറും മെഡിക്കൽ കിറ്റും ഇതോടൊപ്പം വിതരണം ചെയ്തു. കിറ്റുകളുടെ വിതരണോദ്ഘാടനം ഇരിങ്ങാലക്കുട രൂപത അധ്യക്ഷൻ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ മേഖലാ കോർഡിനേറ്റർമാരായ ജോർജ്ജ് പാലത്തിങ്കൽ, ആനി ആന്റോ, ഡേവിസ് കണ്ണമ്പിള്ളി എന്നിവർക്ക് നൽകിക്കൊണ്ട് നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. ലാസർ കുറ്റിക്കാടൻ, ഡയറക്ടർ ഫാ. തോമസ് കണ്ണമ്പിള്ളി, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ഫ്രാങ്കോ പറപ്പുള്ളി, ഫാ. ഡിബിൻ അയിനിക്കൽ, ഫാ. വിമൽ പേങ്ങിപറമ്പിൽ, ഫാ. ടോം വടക്കൻ എന്നിവരുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്.

ഇരിങ്ങാലക്കുട രൂപതയുടെ പൊതുവായ കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന ഹൃദയ കോവിഡ് പോർട്ടലിലൂടെ ടെലി-കൺസൾട്ടേഷൻ, ടെലി-കൗൺസിലിംഗ് തുടങ്ങിയവയെല്ലാം ക്രമീകരിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട രൂ



പത സോഷ്യൽ ആക്ഷനും, ചാലക്കുടി അവാർഡ് എന്ന സ്ഥാപനവും, മേലഡൂർ ഇൻഫെന്റ് ജീസസ് ആശുപത്രി എന്നിവയും മറ്റു ആശുപത്രികളുമായി സഹകരിച്ച് ആംബുലൻസ് സൗകര്യം, ഓക്സിജൻ വിതരണം, കിടപ്പുരോഗികൾക്കും കോവിഡ് രോഗികൾക്കും ആവശ്യമായ ചികിത്സാ സഹായം ഭവനങ്ങളിൽ എത്തിച്ചു നൽകി വരുന്നു. അതോടൊപ്പം കോവിഡ് ബാധിച്ചു മരിക്കുന്നവരുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നതും ഹൃദയ പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ ക്രമീകരിച്ചിട്ടുണ്ടെന്ന് ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ പറഞ്ഞു.

കോട്ടയം
അതിരൂപത

## സഭയ്ക്കും സമുദായത്തിനും മാർ കുന്നശ്ശേരി നൽകിയ സംഭാവനകൾ അവിസ്മരണീയം: മാർ മാത്യു മൂലക്കാട്ട്

കോട്ടയം: സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായിരുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവു നൽകിയ സംഭാവനകൾ അവിസ്മരണീയമാണെന്നു കോട്ടയം രൂപതാധ്യക്ഷൻ മാർ



മാത്യു മൂലക്കാട്ട്. മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ നാലാം ചരമവാർഷിക ദിനത്തിൽ കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വിശുദ്ധ കുർബാന അർപ്പിച്ച് അനുസ്മരണ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. വിശ്വാസ ജീവിതത്തിൽ അടിയുറച്ച് സഭയെയും സമുദായത്തെയും ശക്തിപ്പെടുത്തുവാനും സമൂഹവളർച്ചയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുവാനും മാർ കുന്നശ്ശേരി സദാപരിശ്രമിച്ചുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കോവിഡ് പ്രോട്ടോകോൾ പാലിച്ചു നടത്തപ്പെട്ട ശുശ്രൂഷകളിൽ സഹായ മെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം എന്നിവർ സഹകാർമ്മികരായി. അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ചാൻസിലർ ഫാ. ജോൺ ചേന്നാകുഴി, പ്രൊക്കുറേറ്റർ ഫാ. അലക്സ് ആക്കപ്പറമ്പിൽ, ക്രിസ്തുരാജ കത്തീഡ്രൽ വികാരി ഫാ. ജെയിംസ് പൊങ്ങാനയിൽ, സെക്രട്ടറി ഫാ. ഗ്രെയ്സൺ വേങ്ങക്കൽ എന്നിവർ പങ്കെടുത്തു. വിശുദ്ധ കുർബാനയെ തുടർന്ന് അനുസ്മരണ പ്രാർത്ഥനയും നടത്തി.

ചിക്കാഗോ
രൂപത

## Grand Finale of the *Dei Verbum* Bible Quiz in the Eparchy of Chicago

Chicago: St. Thomas Syro-Malabar Catholic Eparchy of Chicago conducted the Grand Finale of the Bible Quiz virtually on 29 May 2021. Approximately 5000 children and more than 1500 adults participated in the first-ever Eparchial Bible Quiz, *Dei Verbum*. The eparchy was unable to organize the final on-site quiz program at the eparchial level because of the current pandemic situation. Hence, Bishop Mar Jacob Angadiath declared all the finalists as winners that includes 40 participants of different age groups.



Bishop Mar Jacob Angadiath inaugurated the Grand Finale and the program was live-streamed across the United States. Auxiliary Bishop Mar Joy Alappatt, provided a Keynote and facilitated the winners. Very Rev. Dr. George Danavelil, Director, Department of Faith Formation of the eparchy welcomed everyone. Mr. Francis Thomas presented the report of the *Dei Verbum* Bible Quiz and Mr. Tison Thomas thanked everyone. Master Dylan Mathew and Mrs. Shirly Pathiyl shared their views and experiences. A trophy, cash award, and certificate were sent to all the winners.

The Bible Quiz was coordinated with 49 parishes and more than 30 missions across the United States. The Quiz was conducted at three levels (Parish, Zonal and Eparchial) for various age groups under the initiative of Eparchial Catechetical Department. The participants were given a choice to take either English or Malayalam version of the quiz at all three levels. The English Bible Quiz was based on The New American Bible, Revised Edition (NABRE) whereas the Malayalam one was based on the POC Malayalam Bible. The categories for the groups were: Sub-Junior (Grades 4 - 6), Junior (Grades 7- 8), Senior (Grades 9 -12), and Adult (Above 12th Grade; Youth and Adults). The books selected for the Bible Quiz were Gospel of Mark - Parish level and Zonal level (for all Groups); Gospel of Mark and Acts of the Apostles - Eparchial level (for all Groups).

**സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.**

**email: syromalabarvision@gmail.com**
**whatsapp: +91 8089552280**

MY LORD MY GOD
സീറോമലബാർ വിഷൻ

## എസ് എം വൈ എം വാലിയന്റ് അവാർഡുകൾ പ്രഖ്യാപിച്ചു

കാഞ്ഞിരപ്പള്ളി രൂപത

കാഞ്ഞിരപ്പള്ളി: കത്തോലിക്കാ സഭയ്ക്കും സമൂഹത്തിനും സമഗ്രസംഭാവനകൾ നൽകുന്നവർക്കായി കാഞ്ഞിരപ്പള്ളി രൂപത എസ് എം വൈ എം ഏർപ്പെടുത്തിയ വാലിയന്റ് അവാർഡിന് അമൽ സിറിയക്ക് ജോസ്, അഡ്വ. ജസ്റ്റിൻ പള്ളിവാ


AMAL SYRIAC


ADV. JUSTIN

തുക്കൽ എന്നിവർ അർഹരായി. ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിലെ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. ന്യൂനപക്ഷ സ്കോളർഷിപ്പുകൾ 80:20 എന്ന അനുപാതത്തിൽ വിതരണം ചെയ്തുകൊണ്ടിരുന്ന സർക്കാർ നടപടി ഭരണഘടനാ വിരുദ്ധമാണെന്ന് തെളിയിക്കാനും അത് റദ്ധാക്കാനും അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിലൂടെ സാധിച്ചിരുന്നു. ഇതിനാവശ്യമായ പഠനങ്ങൾ നടത്തുന്നതിലും രേഖകൾ ശേഖരിക്കുന്നതിലും മുൻപന്തിയിൽ പ്രവർത്തിച്ചത് അമൽ സിറിയക് ജോസ് ആയിരുന്നു. ക്രിസ്തീയ ന്യൂനപക്ഷം വർഷങ്ങളായി നേരിടുന്ന അനീതിക്കെതിരെ ഭരണഘടനാ അവകാശങ്ങൾ മുറുകെ പിടിച്ചുകൊണ്ടുള്ള ഇവരുടെ പോരാട്ടമാണ് അനുകൂലമായ കോടതി വിധി നേടിയെടുക്കുവാൻ സഹായിച്ചത്. പതിനായിരത്തൊന്ന് രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. ചങ്ങനാശ്ശേരി അതിരൂപത അംഗമായ അമൽ സിറിയക്ക് ജോസ് തിരുവനന്തപുരം ലൂർദ് എൻജിനീയറിങ് കോളേജിൽ അസിസ്റ്റന്റ് പ്രഫസർ ആണ്. ഒന്നാം റാങ്കോടെ നിയമപഠനം പൂർത്തിയാക്കിയ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ ഹൈക്കോടതി അഡ്വക്കേറ്റും പാലക്കാട് രൂപതയിലെ വിശ്വാസപരിശീലന മേഖലയിലും സെഹിയോൻ ധ്യാനകേന്ദ്രത്തിലും സജീവ ശുശ്രൂഷകനുമാണ്.

തൃശ്ശൂർ അതിരൂപത

## തൃശൂർ അതിരൂപത പബ്ലിക് റിലേഷൻ സമിതിയുടെ വാർഷിക സമ്മേളനം

തൃശൂർ: തൃശൂർ അതിരൂപത പബ്ലിക്ക് റിലേഷൻ സമിതിയുടെ വാർഷിക സമ്മേളനം 2021 ജൂൺ 15 ചൊവ്വ വൈകീട്ട് 6ന് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ഓൺലൈൻ പ്ലാറ്റ്ഫോമിൽ ചേർന്ന യോഗത്തിൽ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അധ്യക്ഷത വഹിച്ചു. മാർ ടോണി നീലങ്കാവിൽ മുഖ്യ പ്രഭാഷണം നടത്തി. അതിരൂപത ഡയറക്ടർ ഫാ. നൈസൺ ഏലന്താനത്ത്, പ്രസിഡൻറ് ജോർജ് ചിറമ്മൽ, ടോജോ മാത്യു, ജോയ് മണ്ണൂർ, ഫ്രാങ്കോ ലൂയിസ് എന്നിവർ യോഗത്തെ അഭിസംബോധന ചെയ്തു. അതിരൂപതയിലെ വിവിധ ഇടവകകളിലെ പബ്ലിക് റിലേഷൻ പ്രതിനിധികൾ, ഫൊറോന കോർഡിനേറ്റർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഇടവകകളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും സമാശ്വാസ നടപടികളും യോഗം വിലയിരുത്തി.




## കോവിഡുരോഗികൾക്കിടയിൽ ശുശ്രൂഷയുമായി വൈദികർ

രാമനാഥപുരം രൂപത

ഈറോഡ്: രാമനാഥപുരം രൂപതയിലെ വൈദികരായ ഫാ. ഷാജി പണ്ടാരപറമ്പിൽ, ഫാ. റോയ് കോട്ടക്കുപുറം, ഫാ. ജെറിൻ എള്ളംകുന്നപ്പുഴ, ഫാ. ബെൻജോ ചിറ്റാറ്റുകരക്കാരൻ, ഫാ. ജിയോ കുന്നത്ത് പറമ്പിൽ, ഫാ. ബിജോ പാലായിൽ, ഫാ. ഡെറിൻ പള്ളിക്കുന്നത്ത്, ഫാ. നിതിൻ പാലക്കാട്ട് എന്നിവർ ഈറോഡിലുള്ള ക്രിസ്തുജ്യോതി ആശുപത്രിയിലും ശരവണംപട്ടി ആശുപത്രിയിലും കോവിഡുവാർഡുകളിൽ വി. കുർബാനയുമായി കടന്നുചെല്ലുന്നു. രോഗികൾക്കാവശ്യമായ മരുന്നുകളും ഭക്ഷണ പൊതികളും എത്തിക്കാനും വൈദികർ സഹായിച്ചു. രാമനാഥപുരം രൂപതാധ്യക്ഷൻ മാർ പോൾ ആലപ്പാട്ട് പിതാവിന്റെ നിർദേശങ്ങൾക്കനുസരിച്ചാണ് കോവിഡു രോഗികൾക്കിടയിൽ പ്രവർത്തിക്കാൻ വൈദികർ സധൈര്യം മുന്നോട്ടിറങ്ങിയത്.





MELBOURNE EPARCHY

## ബ്രദർ ബിബൻ വെള്ളാംപറമ്പിൽ മെൽബൺ രൂപതയുടെ പ്രഥമ സബ് ഡീക്കൺ





മെൽബൺ: സെന്റ് തോമസ് സീറോമലബാർ രൂപത ആസ്ട്രേലിയ-ന്യൂസിലന്റിന്റെ പ്രഥമ സബ് ഡീക്കനായി ബ്രദർ ബിബൻ വെള്ളാംപറമ്പിൽ റോമിൽ വച്ച് ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്തിൽ നിന്നും മൈനർ ഓർഡർ സ്വീകരിച്ചു. 2014 -ൽ സ്ഥാപിതമായ മെൽബൺ രൂപതയുടെ ആദ്യത്തെ സബ് ഡീക്കനാണ് ബ്രദർ ബിബിൻ. ചങ്ങനാശ്ശേരി അതിരൂപത സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് നെടുംകുന്നം ഇടവകാംഗമായ ബിബിൻ, വെള്ളാംപറമ്പിൽ സാബു വി. വിയുടെയും ജാൻസി സാബുവിന്റെയും മകനാണ്. പ്രാഥമിക വിദ്യാഭ്യാസം കേരളത്തിൽ പൂർത്തിയാക്കിയ സബ് ഡീക്കൻ ബിബിൻ ഇപ്പോൾ റോമിൽ പൊന്തിഫിസോ കോളേജ് ഇന്റർനാഷണൽ മരിയ മാത്തർ എക്ളേസിയായിൽ ദൈവശാസ്ത്രപഠനം നടത്തിവരുന്നു.

BIJNOR EPARCHY

## Priestly Ordination



Bijnor: Bishop Mar Joseph Kodakkallil ordained Deacon Antony Kodakkallil a priest on 4 May 2021 for the eparchy of Bijnor. The newly ordained priest belongs to the eparchy of Thamarasserry. Mar Joseph Kodakkallil ordained him in his home parish, St. George Church, Chundathumpoyil adhering the the Covid protocol.

## Medical and Ration Kit Distribution

Bijnor: In the severe widespread of the second wave of the Covid-19, the eparchy of Bijnor distributed 20000 medical kits for the Catholics and Khristubhaktas' families under the guidance of Bishop Mar Vincent Nellaiparmbil and Rev. Fr. Viju Sebastian, Director of Medical Department. The medical department took continuous efforts to reach medical support to every place of the eparchy with the help of Govt. officials amidst the lockdown and other covid protocols. The eparchy distributed approximately 10000 ration kits in collaboration with the *Karuna* Social Service Society, the social work wing of the eparchy to the poor and covid affected families. Rev. Fr. Babu George, the Director of Social Work coordinated the distribution activities.






ഷംഷാബാദ്
അതിരൂപത

# ഷംഷാബാദ് രൂപത യുവജന പ്രവർത്തന വർഷം ആരംഭിച്ചു

ഹൈദരാബാദ്: ഷംഷാബാദ് രൂപത യുവജന വിഭാഗമായ സാന്തോം യൂത്ത് മൂവ്മെന്റിന്റെ 2021-22 പ്രവർത്തനവർഷം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് മെയ് മാസം 30-ന് നടന്ന ഓൺലൈൻ യുവജന സംഗമത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു. കോവിഡ് മൂലം മരണമടഞ്ഞ രൂപതയിലെ എല്ലാവരെയും ഓർത്തു പിതാവ് പ്രാർത്ഥിച്ചു. തുടർന്ന്, കഴിഞ്ഞ വർഷത്തെ വിഷമസന്ധികളിലും തീക്ഷ്ണതയോടെ പ്രവർത്തിച്ച യുവജനസംഘടനയെ പ്രത്യേകം അഭിനന്ദിച്ചു. സഭയോട് ഒന്നിച്ചു നിൽക്കുന്ന യുവജനമാണ് ഷംഷാബാദ് രൂപതയുടെ ശക്തിയെന്നും തന്റെ എല്ലാ ശ്രമങ്ങളും അതോടൊപ്പം രൂപതകളുടെ സ്വത്തുക്കളും, രൂപതയിലെ കുട്ടികൾക്കും യുവാക്കൾക്കുമുള്ള വിശ്വാസ രൂപീകരണത്തിനായി വിനിയോഗിക്കുമെന്നും പിതാവ് ഉറപ്പുനൽകി.

“നാം ജീവിക്കുന്നു എങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കാൻ ആഗ്രഹിക്കുന്നു” എന്ന റോമക്കാർക്കെഴുതിയ ലേഖനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച, ‘Made Alive in Christ’ എന്ന ഈ വർഷത്തെ ആപ്തവാക്യത്തിന് അനുസൃതമായി ജീവിതം നയിക്കുവാൻ പിതാവ് യുവജനങ്ങളെ ആഹ്വാനം ചെയ്തു. പാപസാഹചര്യങ്ങളിൽ നിന്നും അപകടകരമായ മറ്റെല്ലാവസ്ഥകളിൽനിന്നും മാറി യേശുവിന്റെ കരം പിടിക്കുന്ന യുവജനകളെയാണ് സഭ പ്രതീക്ഷിക്കുന്നത്. അവർ യേശുവിന്റെ സ്നേഹം ഉൾക്കൊണ്ട് നമ്മുടെ സഭയെ സജീവവും ഫലപ്രദവും ആകർഷകവുമാക്കണം. യുവജനങ്ങൾ മാറ്റത്തിന്റെ ഹൃദയസ്പന്ദനങ്ങൾ അറിയുന്നവരാണെന്നും അവർ കാലത്തിനു മുൻപേ ഓടി ലോകാവസാനത്തോളം നമ്മുടെ സഭയെ മുൻപന്തിയിൽ എത്തിക്കേണ്ടവരാണെന്നും പിതാവ് അനുസ്മരിപ്പിച്ചു. 2021-22 ലെ ഇയർ പ്ലാനർ കലണ്ടറും അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു.

സാന്തോം യൂത്ത് മൂവ്മെന്റ് രൂപത പ്രസിഡന്റ് അലൻ ജോസഫ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ആശംസകൾ നേർന്നതോടൊപ്പം കഴിഞ്ഞവർഷം തന്നോടൊത്തു പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും കൃതജ്ഞതയും അർപ്പിച്ചു. രൂപത വൈസ് പ്രസിഡന്റ് ശ്രീമതി ഹിത ഡേവിഡ് എല്ലാ ഇടവകകളിൽ നിന്നും റീജിയനുകളിൽ നിന്നും മിഷൻ




യൂണിറ്റുകളിൽ നിന്നും പുതുതായി തിരഞ്ഞെടുക്കപ്പെട്ട എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. വിവിധ റീജിയനുകളുടെ കലാപരിപാടികൾ യുവജനസംഗമത്തെ മനോഹരമാക്കി. ഷംഷാബാദ് രൂപത വികാരി ജനറാൽ മോൺ. എബ്രഹാം പാലത്തിങ്കൽ അച്ചനും രൂപത യുവജന ഡയറക്ടർ ജിനോ ഇഞ്ചപ്ലാക്കൽ അച്ചനും മറ്റു റീജിയണൽ ഡയറക്ടർ അച്ചന്മാരും ചടങ്ങിൽ സംബന്ധിച്ചു. രണ്ടു ദിവസമായി നടന്നു വന്നിരുന്ന രൂപത യുവജന നേതൃത്വ പരിശീലനത്തിന്റെ സമാപനമായാണ് യുവജനസംഗമം നടത്തിയത്.

SYRO-MALABAR
APOSTOLIC VISITATION
EUROPE

# Financial Support to Delhi (Faridabad) and Telangana (Adilabad) from Ireland

Dublin: The Syro-Malabar Catholic Community in Ireland has handed over the first phase of financial support for the places severely affected by Covid-19 in India, Delhi (Eparchy of Faridabad) and Telangana (Eparchy of Adilabad). A total amount of Rupees Five Lakh (5859.12 Euros) was handed over to the Social Service Society of the eparchy of Faridabad for purchasing 10 oxygen concentrators for the covid patients. A total amount of 8688.61 Euros was also transferred to the local Covid Care Centre in Adilabad, through the Social Service Society of the eparchy of Adilabad. This monetary aid will be utilized to buy the necessary equipment required for effective emergency management in the Covid Care Centre.




The charity collection initiated by the Syro-Malabar faithful in Dublin has raised a total amount of 26720 Euros to the date of 7 June 2021. The coordinators of the Help India - Covid 19 Charity Initiative expressed their gratitude for the great support received from the faithful of the Syro-Malabar Community in Ireland and to the generous hearts of the parishioners of other Catholic Churches in Ireland. They welcomed all the people who wish to support further in this charitable endeavour through visiting the website: www.syromalabar.ie. Any further aid will be extended to other states of India, precisely, through the Social Service Society of the eparchy of Shamshabad (Prem Marg) to be employed in its local area, and in Chennai (Chennai Mission) through the eparchy of Hosur. This aid will be for the local covid patients and their affected families through the distribution of medical and food kits.

Archbishop Mar Kuriakose Bharanikulangara and Bishop Mar Prince Antony Panengadan has expressed their gratitude for the financial support facilitated by the Syro-Malabar Community in Ireland and has appreciated the concerted effort. In his thanksgiving note, Mar Kuriakose communicated that this financial aid has been crucial for the survival of many covid patients. The Syro-Malabar Catholic Community in Ireland is one among the active communities of the Syro-Malabar Church's Apostolic Visitation to Europe.

ഫരീദാബാദ്
രൂപത

# കൊവിഡ് രണ്ടാം തരംഗത്തിൽ ഫരീദാബാദ് രൂപതയുടെ പ്രവർത്തനങ്ങൾ


ഡൽഹി: കോവിഡ് മഹാമാരിയുടെ പിടിയിലമർന്ന ഡൽഹിയിലെയും പരിസരങ്ങളിലെയും രോഗികൾക്ക് അവശ്യസേവനങ്ങൾ എത്തിക്കാൻ കോവിഡ് പ്രതിരോധ ദൗത്യവുമായി ഫരീദാബാദ് രൂപത പ്രവർത്തനനിരതമാകുന്നു. രൂപതാധ്യക്ഷൻ ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണികുളങ്ങരയുടെ നേതൃത്വത്തിൽ ഏഴംഗ ദൗത്യസംഘം പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കൊവിഡ് ഹെൽപ് ലൈൻ ഡെസ്ക്, മെഡിക്കൽ അഡ്വൈസറി ടീം, കൗൺസലിംഗ് ടീം, കമ്മ്യൂണിറ്റി കിച്ചൻ, പ്ലാസ്മ ഡ്രൈവ്, ടിഫിൻ സർവീസ്, ഓക്സിജൻ സജ്ജീകരണത്തോടു കൂടിയ ഹോസ്പിറ്റൽ, ക്വാറൻന്റൈൻ സൗകര്യം, രോഗികളായിട്ടുള്ളവർക്ക് പ്രാർത്ഥന സഹായം, കൂദാശകൾ എന്നിവ നൽകുന്നതിനായിട്ടും കൊവിഡ് മൂലം മരിച്ചവർക്ക് ക്രിസ്തീയ മൃതസംസ്കാരം നൽകുന്നതിനായിട്ടും വൈദീകരും മറ്റ് വാളന്റിയേഴ്സും അടങ്ങുന്ന അജപാലന ശുശ്രൂഷ ടീം, എല്ലാ ഇടവകകളിലും കൊവിഡ് ഹെൽപ് ഡസ്ക്, വാക്സിൻ ഡ്രൈവ് പ്രഖ്യാപനവും വാക്സിനേഷന്റെ പ്രാധാന്യത്തെ പറ്റിയുള്ള വെബിനാറുമെല്ലാം കോവിഡ് പ്രതിരോധത്തിനു നൽകുന്ന പ്രാധാന്യത്തിന്റെ ഭാഗമാണെന്ന് രൂപത പി.ആർ.ഒ ഫാ. ജിന്റോ ടോം അറിയിച്ചു.

രാജ്യം മുഴുവൻ പ്രത്യേകിച്ച് തലസ്ഥാന നഗരമായ ഡൽഹി, കോവിഡ് മഹാമാരിയുടെ പിടിയിൽ അമരുമ്പോൾ മരണഭീതിയുടെ മുൾമുനയിലായിരിക്കുന്ന ജനങ്ങൾക്ക് സമാശ്വാസവും സാന്ത്വനവും നൽകുന്നതിനായിട്ട് ആർച്ച്ബിഷപ് കുര്യാക്കോസ് ഭരണികുളങ്ങരയുടെ നേതൃത്വത്തിൽ ഫരീദാബാദ് രൂപത സംഘടിപ്പിക്കുന്ന ധ്യാനശുശ്രൂഷയാണ് തിരുവചന വിരുന്ന്. എല്ലാ ശനി, ഞായർ ദിവസങ്ങളിൽ വൈകിട്ട് 6 മണിക്ക് തിരുവചന വിരുന്നും 7.30-ന് വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതാണ്. ഫാ. സേവ്യർഖാൻ വട്ടായിൽ, ഫാ. ഡൊമിനിക് വാളമനാൽ, ഫാ. മാത്യു ഇലവുങ്കൽ, ഫാ. കുര്യൻ കാരിക്കൽ, ഫാ. ബിനോയ് കരിമരുതുങ്കൽ, ഫാ. വർഗ്ഗീസ് ഇത്തിതറ, ഫാ. സോജി ഓലിക്കൽ, ജസ്റ്റിസ് കുര്യൻ ജോസഫ് (റിട്ടയേഡ്), ബ്രദർ സന്തോഷ് കരുമത്തറ എന്നീ പ്രശസ്ത വചന പ്രഘോഷകർ ഉൾപ്പെടുന്ന ടീം ആണ് തിരുവചനവിരുന്ന് എന്ന ധ്യാനശുശ്രൂഷ നയിക്കുന്നത്. ധ്യാനം സൂം ആപ്ലിക്കേഷൻ വഴിയും ട്രൂത്ത് ടൈഡിങ്സ് എന്ന യൂട്യൂബ് ചാനലിലും തൽസമയ സംപ്രേഷണം ചെയ്യുന്നു.

THUCKALAY
EPARCHY

# Catechism Summer Bible Classes held online



Thuckalay: The eparchy had to switch over the Summer Time Bible Classes Programme to online mode due to the lockdown this year as well. The Catechism Department headed by Rev. Fr. Prince Maliyil with his team prepared the classes online for the four categories of students: Sub-Juniors, Juniors, Seniors, and Super-Seniors. The classes were activity-based and pre-recorded with the help of talented teachers and they were uploaded in the YouTube channel of *Narcheithi Nilayam*. These online classes were held from May 17 to 24. The teachers were encouraged to monitor the children to attend the classes and to send the activity report by 6.00 PM every day to the concerned teachers. A large number of students participated in these classes.

# കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ സമർപ്പിച്ചു നടപ്പിലാക്കണം – താമരശേരി രൂപത അൽമായ ഏകോപനസമിതി

താമരശേരി
രൂപത

താമരശേരി: താമരശേരി രൂപത കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ രൂപതയിലെ മുഴുവൻ സംഘടനകളുടെയും രൂപത ഭാരവാഹികളുടെ നേതൃസംഗമവും പാനൽ ചർച്ചയും സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഹോപ്പ് 2021 എന്ന പേരിലുള്ള  ഈ സംഗമം ഉദ്ഘാടനം ചെയ്തു. പ്രവർത്തനമാരംഭിച്ച നാലുമാസം കൊണ്ട് റിപ്പോർട്ട് സമർപ്പിച്ച് നടപ്പിലാക്കിയ പാലോളി കമ്മിറ്റിയുടെ മാതൃകയിൽ ക്രൈസ്തവ സമുദായത്തിന്റെ വിദ്യാഭ്യാസ സാമ്പത്തിക ക്ഷേമ മേഖലകളെ കുറിച്ച് പഠിക്കാൻ നിയമിച്ചിട്ടുള്ള ജെ ബി കോശി കമ്മീഷൻ എത്രയും പെട്ടെന്ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. കമ്മീഷൻ രൂപം കൊടുത്തിട്ടുണ്ട് ആറുമാസം ആയെങ്കിലും കമ്മീഷന്റെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിൽ നീങ്ങുന്നതിൽ നേതൃസംഗമം ആശങ്ക രേഖപ്പെടുത്തി.

കത്തോലിക്കാ കോൺഗ്രസ്, പാസ്റ്ററൽ കൗൺസിൽ, മാതൃവേദി, കെസിവൈഎം, സി.എം.എൽ, വിൻസെന്റ് ഡി പോൾ സൊസൈറ്റി, കുടുംബ കൂട്ടായ്മ, ഡി.എഫ്.സി, പ്രോലൈഫ് സമിതി, ടീച്ചേഴ്സ് ഗിൽഡ്, മദ്യവിരുദ്ധ സമിതി, നവീകരണ മുന്നേറ്റം, കാറ്റിക്കിസം ഡിപ്പാർട്ട്മെന്റ് തുടങ്ങി പതിമൂന്ന് സംഘടനകളുടെ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരും കാത്തലിക് കോൺഗ്രസിന്റെ പ്രവർത്തക സമിതി അംഗങ്ങളും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഹോപ്പ് 2021 നേതൃസംഗമത്തിൽ പങ്കെടുത്തു. ‘ന്യൂനപക്ഷാവകാശങ്ങളും ജെ ബി കോശി കമ്മീഷനും; ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ’ എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന പാനൽ ചർച്ചയിൽ അഡ്വക്കേറ്റ് ജസ്റ്റിൻ പള്ളിവാതുക്കൽ, ഫാ. ജെയിംസ് കൊക്കാവയലിൽ, മോൺ. ജോൺ ഒറവങ്കര എന്നിവർ വിഷയാവതരണം നടത്തി. കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ  അധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ബെന്നി ലൂക്കോസ് സ്വാഗതം പറഞ്ഞു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ശ്രീമതി ദീപ റെജി, വിശാഖ് തോമസ്, തോമസ് വലിയപറമ്പൻ, ജോയി പുതിയാപറമ്പിൽ, തോമസ് പുലിക്കോട്ടിൽ, വിപിൻ സെബാസ്റ്റ്യൻ, ജോർജ്ജ് വട്ടുകുളം, ബാബു ചെട്ടിപറമ്പിൽ, സജീവ് പുരയിടത്തിൽ, ജോൺസൺ തുണ്ടത്തിൽ, കുര്യൻ ചെമ്പനാനി, ഫാ. സബിൻ തൂമുള്ളിൽ, ട്രീസാ ഞരളക്കാട്ട് എന്നിവർ പ്രതികരണങ്ങൾ അറിയിച്ചു സംസാരിച്ചു. ഭാവി പ്രവർത്തനങ്ങൾക്കായി എല്ലാ സംഘടനകളുടെയും ഡയറക്ടർ, പ്രസിഡണ്ട്, സെക്രട്ടറി എന്നിവരടങ്ങുന്ന ഏകോപന സമിതിക്ക് രൂപം കൊടുത്തു. കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറി  അനീഷ് വടക്കേൽ നന്ദി രേഖപ്പെടുത്തി.

1 –ാം പേജിൽ നിന്നും തുടർച്ച

# 80:20 ഹൈക്കോടതി വിധി നടപ്പാക്കി സാമൂഹ്യനീതി ഉറപ്പുവരുത്തണം

ഭരണപ്രതിപക്ഷങ്ങൾക്കില്ലായെന്നത് ആശങ്കയുളവാക്കുന്നതാണ്.

## കമ്മിറ്റികൾ നൽകിയത് ശുപാർശ മാത്രം

2005ലെ കേന്ദ്ര സച്ചാർ കമ്മിറ്റിയും തുടർന്നുവന്ന സംസ്ഥാന പാലൊളി കമ്മിറ്റിയും നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ ഒരിടത്തും നിർദ്ദേശിക്കാത്ത ന്യൂനപക്ഷ വിവേചനം (80:20 അനുപാതം) എങ്ങനെയാണ് ന്യൂനപക്ഷ സ്കോളർഷിപ്പ് വിതരണത്തിൽ ന്യൂനപക്ഷ വകുപ്പിന് കീഴിൽ നടപ്പിലാക്കിയതെന്നത് സാമാന്യ വിവരമുള്ള ആർക്കും പിടികിട്ടാത്ത ഒരു ചോദ്യമാണ്. സച്ചാർ-പാലോളി കമ്മിറ്റികൾക്ക് കേവലം ശുപാർശകൾ മുമ്പോട്ടു വയ്ക്കുവാൻ മാത്രമേ അധികാരമുള്ളൂ എന്നിരിക്കെ, ആ ശുപാർശകൾ നിയമപരിരക്ഷയോടെ  നടപ്പിലാക്കുവാനോ തള്ളുവാനോ ഉത്തരവാദിത്വമുള്ള സർക്കാർ, ബാഹ്യശക്തികളുടെ ഇടപെടലില്ലാതെ കണ്ണുമടച്ച് ഈ വിവേചനം നടപ്പിലാക്കി എന്ന് വിശ്വസിക്കുവാൻ വിഷമമുണ്ട്.

## നിയമങ്ങൾ എന്തുപറയുന്നു?

ഭരണഘടനയുടെ ആർട്ടിക്കിൾ 29ഉം 30ഉം നൽകുന്ന ന്യൂനപക്ഷ അവകാശങ്ങൾ പരിരക്ഷിക്കേണ്ടത് സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. അതുകൊണ്ടാണല്ലോ ‘ന്യൂനപക്ഷ വകുപ്പിലെ ന്യൂനപക്ഷ അവകാശങ്ങൾ ഒബിസി-ക്കു മാത്രമായി ചുരുക്കുക എന്ന നയം നീതിക്കോ നിയമവ്യവസ്ഥിതിക്കോ ചേർന്നതല്ല മറിച്ച്, എല്ലാ ന്യൂനപക്ഷങ്ങൾക്കും ഭരണഘടനാപരമായ തുല്യനീതി ലഭ്യമാക്കണം’ എന്ന് ഹൈക്കോടതി നിരീക്ഷിച്ചത്. അതുതന്നെയാണല്ലോ ‘ന്യൂനപക്ഷ അവകാശങ്ങളും വികസന പദ്ധതികളും നടപ്പിലാക്കുമ്പോൾ ഒരു പ്രത്യേക സമുദായത്തിനും അനർഹമായ പരിഗണന ലഭിക്കാതെ നടപ്പിൽ വരുത്തണം’ എന്ന് കേന്ദ്ര ന്യൂനപക്ഷ ആക്റ്റും (1992 Minority Act, Section:9), ‘ന്യൂനപക്ഷ ക്ഷേമപദ്ധതികൾ ജനസംഖ്യാനുപാതികമായി വീതിക്കണമെന്ന്’ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്റ്റും (2014 Section 9(K)) വ്യവസ്ഥ ചെയ്യുന്നത്. അതുതന്നെയാണല്ലോ സച്ചാർ കമ്മിറ്റിയും ‘Equal Opportunity Commission’ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

## ന്യൂനപക്ഷ അവകാശവും സംവരണവും

ഒരു സമുദായത്തിലെ പിന്നോക്കം നിൽക്കുന്നവരെ സമുദ്ധരിക്കാനാണല്ലോ കഴിഞ്ഞ 30 വർഷമായി പിന്നോക്ക സമുദായ കോർപ്പറേഷൻ  പ്രവർത്തിച്ചു വരുന്നത്. അത്തരം സഹായങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെയോ പിന്നോക്ക സമുദായ കോർപ്പറേഷന്റെയോ കീഴിൽ നടപ്പിലാക്കുന്നതിനെ ഇവിടെ ആരും ചോദ്യം ചെയ്യുന്നില്ല. പിന്നോക്ക സംവരണത്തിന്റെ ഭാഗം ആകേണ്ട അത്തരം സഹായങ്ങളെ ന്യൂനപക്ഷ വകുപ്പിന് കീഴിൽ കൂട്ടിച്ചേർത്തുവച്ചുകൊണ്ട്, ഒരുവിധത്തിൽ പറഞ്ഞാൽ അർഹതപ്പെട്ടവന്റെ ഭാഗം പിടിച്ചെടുത്ത്, ഒരു സമുദായത്തിന് മാത്രം  ഇരട്ട ആനുകൂല്യം സാധ്യമാക്കാനുള്ള കുടിലതന്ത്രങ്ങളാണ് ഇവിടെ ചോദ്യം ചെയ്യുന്നത്.

പിന്നോക്കം എന്ന പേര് പറഞ്ഞ് മുസ്ലീം സമുദായത്തിലെ മുഴുവൻ മുന്നോക്കക്കാരെയും (തങ്ങൾസ്, അറബി, മലബാറി എന്നീ വിഭാഗങ്ങൾ) ഒബിസി ഗണത്തിൽപ്പെടുത്തി ഒരു മതവിഭാഗത്തിന് മുഴുവനും ജാതിസംവരണം പിടിച്ചെടുത്ത ഒരനീതി ഇവിടെ നിലനിൽക്കുന്നുണ്ട്. മുസ്ലീം സമുദായത്തിലെ പിന്നോക്കക്കാർക്ക് (പുസലാസ്, ഒസാൻസ് വിഭാഗങ്ങൾ) ലഭ്യമാകേണ്ട ക്ഷേമപദ്ധതികൾ സച്ചാർ കമ്മിറ്റി പോലും സാക്ഷ്യപ്പെടുത്തിയ പ്രസ്തുത സമുദായത്തിലെ മുന്നോക്ക വിഭാഗങ്ങൾ (തങ്ങൾസ്, അറബി, മലബാറി എന്നീ വിഭാഗങ്ങൾ) കവർന്നെടുക്കുന്നുവെന്ന യാഥാർഥ്യം ആ സമുദായത്തിലെ പിന്നോക്കാവസ്ഥയിലുള്ള അംഗങ്ങൾ പോലും തിരിച്ചറിയുന്നുണ്ടോ എന്ന് സംശയമാണ്.

സംവരണം ജാതിവ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയാണെങ്കിൽ, ന്യൂനപക്ഷാവകാശങ്ങൾ അംഗബലത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാണെന്ന് ഓർക്കണം. രണ്ടും രണ്ടു വകുപ്പിന് കീഴിൽ വരുന്നതാണ്. എന്നാൽ ന്യൂനപക്ഷ അവകാശങ്ങളെ സംവരണവുമായി കൂട്ടിക്കുഴച്ച് സമൂഹത്തിൽ ആശയക്കുഴപ്പമുണ്ടാക്കാനാണ് ചില സമുദായ നേതാക്കൾ ഒരുമ്പിട്ടിറങ്ങിയിരിക്കുന്നത്. വിധി നടപ്പിലാക്കിയാൽ സാമുദായിക ധ്രുവീകരണം സംഭവിക്കും എന്നുള്ള സമ്മർദ്ദതന്ത്രം അവതരിപ്പിച്ച്, മസിൽ പവറിന്റെയും, മണിപവറിന്റെയും പിൻബലത്തോടെ സമൂഹത്തിൽ അന്തഛിദ്രം സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമം ചില തത്പരകക്ഷികൾ ഇവിടെ നടത്തുന്നുണ്ട്.

## ക്രൈസ്തവ സമൂഹവും ന്യൂനപക്ഷ അവകാശവും

വോട്ടു ബാങ്ക് രാഷ്ട്രീയത്തിന്റെ ഭലമായി, ക്രിസ്ത്യൻ സമുദായത്തിന്റെ അവകാശങ്ങളെ, കവർന്നെടുക്കപ്പെടുകയാണ്. ഇത്തരത്തിൽ ക്രിസ്ത്യൻ  ന്യൂനപക്ഷ സമുദായത്തിന്റെ വളർച്ചയെ തന്നെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത് ഏതു നീതിബോധത്തിന്റെ പിൻബലത്തിലാണ്? അവിവാഹിതരും മധ്യവയസ്കരുമായി മാറിക്കൊണ്ടിരിക്കുന്ന വലിയൊരു ശതമാനം യുവാക്കളും, കാർഷിക-വിദ്യാഭ്യാസ കടക്കെണിയിൽ കുടുങ്ങി ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ വിഷമിക്കുന്ന മഹാഭൂരിപക്ഷം വരുന്ന ചെറുകിട നാമമാത്ര കർഷകരും, മത്സ്യത്തൊഴിലാളികളും സമാധാന കാംക്ഷികളും ആയിട്ടുള്ളവരാണ് ക്രൈസ്തവസമൂഹം. ക്രിസ്ത്യൻ സമുദായത്തിന് ഭരണഘടന നൽകുന്ന അവകാശങ്ങൾ കാലാകാലങ്ങളിൽ സംരക്ഷിക്കപ്പെടേണ്ടതാണ്.

## വിധിയും ഉന്നതാധികാര സമിതിയും

ഹൈക്കോടതി വിധിയെ മറികടക്കാൻ സർവ്വകക്ഷിയോഗത്തെ തുടർന്ന് സർക്കാർ നിയമിക്കുന്ന ഉന്നതാധികാര കമ്മിറ്റി എന്ത് ശുപാർശ നൽകിയാലും അതൊന്നും കോടതി വിധി നടപ്പാക്കാനുള്ള സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ഒഴികഴിവാകില്ല. മറിച്ച്, വിധിക്കെതിരെ നൽകുന്ന ഏതു ശുപാർശകളും നടപ്പിലാക്കാനുള്ള ശ്രമം സർക്കാരിനെ കൂടുതൽ നിയമക്കുരുക്കിലേക്ക് നയിക്കുകയെ ഉള്ളൂ. ഉന്നതാധികാര സമിതിയുടെ ശുപാർശയ്ക്ക് ഒരിക്കലും ഹൈക്കോടതി വിധിയെ മറികടക്കാൻ ആവില്ല എന്നതാണ് യാഥാർഥ്യം. ജനസംഖ്യാനുപാതികമായി കോടതി വിധിയനുസരിച്ച് സ്കോളർഷിപ്പുകൾ പുന:ക്രമീകരിക്കുമ്പോൾ നഷ്ടം സംഭവിക്കാവുന്ന വിദ്യാർഥികൾക്ക് സാമൂഹ്യക്ഷേമ വകുപ്പിന്റെയോ പിന്നോക്ക സമുദായ കോർപ്പറേഷന്റെയോ കീഴിൽപ്പെടുത്തി മാനുഷിക പരിഗണന നൽകാവുന്നതാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ ക്രൈസ്തവ സമുദായത്തിനും മറ്റ് നാല് ന്യൂനപക്ഷ വിഭാഗങ്ങൾക്കും ഈ സർക്കാർ ഉത്തരവുകൾ മൂലം നഷ്ടമായ നീതി, ന്യൂനപക്ഷ വകുപ്പ് മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ശോഭ മങ്ങാതെ നീതിക്കുവേണ്ടി ഉയർന്നുനിന്നു പടവെട്ടാൻ കഴിയുന്ന അനേകർ ഇനിയും ഇവിടെയുണ്ട് എന്നതിന് തെളിവാണ് ഈ കോടതി വിധി. നീതിക്കായി നിലകൊള്ളാനും പൊരുതാനും ഈ വിധി കരുത്തു പകരുന്നു.

PATRON
MAJOR ARCHBISHOP CARDINAL
MAR GEORGE ALENCHERRY

CHIEF EDITOR
FR. ALEX ONAMPALLY
SECRETARY, MEDIA COMMISSION

ASSOCIATE EDITOR
FR. ABRAHAM KAVILPURAYIDATHIL
PRO, VICE-CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION

MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION

MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION

EDITORIAL TEAM
DR. KOCHURANI JOSEPH
DR. CHACKO KALAMPARAMBIL
DR. MARY REGINA F.
MR. SIJO AMBATT

DESIGN & LAYOUT
JOSEMON VAZHAYIL
MUMBAI

സീറോമലബാർ വിഷൻ

മിസ്സിസ്സാഗ രൂപത

# ദൈവവുമായി സുദൃഢമായ സൗഹൃദം സ്ഥാപിക്കണം: മാർ ജോസഫ് സ്രാമ്പിക്കൽ

മിസ്സിസ്സാഗ: 'ദൈവവുമായി സ്നേഹത്തിൽ ഊന്നിയ സുദൃഢമായ ഹൃദയൈക്യം ഉണ്ടാക്കാൻ കഴിയുമ്പോൾ മാത്രമാണ് നമ്മുടെ വിശ്വാസം പൂർണ്ണമാകുന്നത്'. ഗ്രേറ്റ് ബ്രിട്ടൺ സീറോമലബാർ രൂപതയിലെ 16 ഇടവകകളിൽ നിന്നും മിഷൻ കേന്ദ്രങ്ങളിൽ നിന്നും വിശ്വാസ പരിശീലനം പൂർത്തിയാക്കിയ 93 യുവതീയുവാക്കളുടെ വെർച്വൽ ഗ്രാജുവേഷൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ ജോസഫ് സ്രാമ്പിക്കൽ. 2021 ജൂൺ 5ന് നടത്തിയ പ്രോഗ്രാമിൽ സഭയുടെ പ്രേഷിത-വിശ്വാസപരിശീലന മേഖലകളിൽ പ്രവർത്തിക്കുവാൻ ഊർജ്ജസ്വലതയോടെ കടന്നുവന്ന മുൻ വിദ്യാർത്ഥികൾ കൂടിയായ നാല്പത്തിയൊന്നു യുവ മതാധ്യാപകരെയും രൂപതാതലത്തിൽ കർമ്മനിരതരായ വോളന്റിയർമാരെയും അദ്ദേഹം മുക്തകണ്ഠം പ്രശംസിക്കുകയും കൂടുതൽ യുവജനങ്ങൾ ഈ മാതൃക പിന്തുടരട്ടെയെന്ന് ആശംസിക്കുകയും ചെയ്തു.



വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ പുതിയ ഡയറക്ടർ ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറയിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെയും മാതാപിതാക്കളെയും അധ്യാപകരെയും അതിഥികളെയും സ്വാഗതം ചെയ്തു. ദിയ കാവാലം (ഓട്ടവാ), തെരേസ് ദേവസ്യാ (കേംബ്രിഡ്ജ്) എന്നിവർ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ അനുമോദിച്ചു. പുതിയ ഗ്രാജുവേറ്റുകളുടെ പ്രതിനിധികളായി മെഘൻ ബിജു (ഹാമിൽട്ടൻ), ഡാനിയേൽ പോൾ (വിന്നിപെഗ്) എന്നിവർ ആശംസകൾക്കും ഉപചാരങ്ങൾക്കും നന്ദി രേഖപ്പെടുത്തി. രൂപതയെ പ്രതിനിധീകരിച്ചു വികാരി ജനറാൾ റവ. ഫാ. പത്രോസ് ചമ്പക്കരയും രക്ഷിതാക്കളുടെ പ്രതിനിധിയായി റിറ്റ്സൺ ജോസ് പുൽപ്പറമ്പിലും (എഡ്മണ്ടൻ) സംസാരിച്ചു. ലണ്ടൻ സെന്റ് മേരീസ് ഇടവകയിലെ ജൂനോ മരിയ ലിൻസും, ലിസ് മരിയ ലിൻസും ചേർന്ന് കേക്ക് മുറിച്ച് ആഹ്ളാദം പങ്കുവച്ചു. മുൻ ഡയറക്ടറായ ഫാ. മാർട്ടിൻ അഗസ്റ്റിൻ മാണിക്കനാംപറമ്പിൽ പുതിയ യുവ അസ്സോസിയേറ്റുകൾ വിശ്വാസപരിശീലനത്തിനു നല്കുന്ന പ്രാധാന്യത്തിനും ക്രിയാത്മക പങ്കാളിത്തത്തിനും അനുമോദനങ്ങൾ അർപ്പിച്ചു. ബിഷപ് മാർ ജോസ് കല്ലുവേലിൽ ചടങ്ങുകൾക്കൊടുവിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ആശീർവാദം നൽകി. സഭയോടൊത്തു ചേർന്നു വിവിധ പ്രവർത്തന രംഗങ്ങളിൽ കൂടുതൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ക്ഷണിക്കുകയും ചെയ്തു.

മിസ്സിസ്സാഗ സെന്റ് അൽഫോൻസാ കത്തീഡ്രൽ ഇടവകയിലെ വിദ്യാർത്ഥികളുടെ പ്രാരംഭ പ്രാർത്ഥനയോടെയാണ് പരിപാടികൾക്ക് തുടക്കമായത്. വിന്നിപെഗ് സെന്റ് ജൂഡ് ഇടവകയിലെ വിദ്യാർത്ഥികൾ ദേശീയ ഗാനവും, ഫോർട്ട് മക് മറി സെന്റ് തോമസ് മിഷനിലെ വിദ്യാർത്ഥികൾ പേപ്പൽ ആന്തവും ആലപിച്ചു. അസോ. ഡയറക്ടർ സി. ജെസ്ലിൻ സി.എം.സി. നന്ദി അർപ്പിച്ചു. സെറിൻ ജോർജ് (വാൻകൂവർ), ക്രിസ്റ്റീന കണ്ണമ്പുഴ (സ്കാർബറോ) എന്നിവരുടെ മികച്ച അവതരണം സദസ്സിന്റെ പ്രശംസക്ക് അർഹമായി. എപ്പാർക്കിയൽ കാറ്റെക്കെറ്റിക്കൽ കമ്മീഷൻ അംഗങ്ങളായ ഷാന്റി പൗലോസ് (വാൻകൂവർ), സന്തോഷ് ജോർജ് (ഓട്ടവ), ജോസ് വർഗീസ് (സ്കാർബറോ), അജിമോൻ ജോസഫ് (ലണ്ടൻ), ജിഷി വാളൂക്കാരൻ (ഓഷവ) എന്നിവരുടെ നേതൃത്വത്തിലുള്ള ടീമാണ് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

പാലാ രൂപത

# അരുവിത്തുറപള്ളി 100 കുടുംബങ്ങളെ ദത്തെടുത്തു

പാലാ: കോവിഡ് കാലത്തെ ലോക്ക്ഡൗൺ മൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ആശ്വാസമായി അരുവിത്തുറപള്ളി 100 കുടുംബങ്ങളെ ദത്തെടുത്തു. ഇടവകയിലെ സാധാരണക്കാരായ കുടുംബങ്ങൾക്ക് 2021 ജൂൺ തുടങ്ങി ഒരു വർഷത്തേക്ക് പ്രതിമാസം 1000 രൂപ വീതം നൽകുന്നു. സാമ്പത്തികമായി ഭദ്രതയുള്ളവർ സഹോദരങ്ങളെ സഹായിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമാണ് ഒരു കുടുംബത്തിന് പ്രതിവർഷം 12000 രൂപ ലഭിക്കുന്ന ഈ പദ്ധതി. ദത്തുകുടുംബങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞ് അവരെ സഹായിക്കുന്നതിന് സ്പോൺസേഴ്സ് ഇടവകാതിർത്തിയിൽ തന്നെയുണ്ട്. ഇടവകയിലെ AKCC, SMYM, St. Vincent De Paul, പിതൃവേദി, ഇതര ഇടവകാംഗങ്ങൾ, FCC പ്രൊവിൻഷ്യൽ ഹൗസ് എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

കോവിഡും ഇതര രോഗങ്ങളും മൂലം ക്ലേശിക്കുന്നവരെ സഹായിക്കുന്നതിനായി AKCC യുടെ നേതൃത്വത്തിൽ ചികിത്സാ സഹായ ഫണ്ട് രൂപീകരിച്ചു. ഒരു ലക്ഷത്തിൽ അധികം രൂപാ ചികിത്സാസഹായമായി നൽകി കഴിഞ്ഞു. അർഹരായവർക്ക് തുടർന്നും ചികിത്സാ സഹായം നൽകുന്നതായിരിക്കും. കോവിഡ് പ്രതിസന്ധിയിലായ കുടുംബങ്ങൾക്ക് ഇടക്കാല ആശ്വാസമായി ആയിരം രൂപ വച്ച് സഹായം നൽകി. ഇടവകയിലെ തിരഞ്ഞെടുക്കപ്പെട്ട 150 കുടുംബങ്ങൾക്ക് ഈ സഹായം ലഭിച്ചു. ഒറ്റ പ്രാവിശ്യത്തെ സഹായമാണിത്. പാലാ മരിയസദൻ, മണിയംകുളം രക്ഷാഭവൻ എന്നിവിടങ്ങളിലെ അന്തേവാസികൾക്കായി ഇടവകയിലെ SMYMന്റെ നേതൃത്വത്തിൽ ഭക്ഷണകിറ്റും നിത്യോപയോഗസാധനങ്ങളും നൽകി. ഇടവകയിലെ എല്ലാ കുടുംബങ്ങളിലും വാർഡ് പ്രതിനിധികൾ വഴി കോവിഡ് പ്രതിരോധ ഹോമിയോ മരുന്ന് നൽകി.

JAGDALPUR EPARCHY

# Rev. Fr. Joseph Jeerakath, the First Eparchial Priest of Jagdalpur Expired



Jagadalpur: Rev. Fr. Joseph Jeerakath, the first eparchial priest of the eparchy of Jagdalpur breathed his last on 25 April 2021 due to Cardiogenic Shock. The funeral ceremony was held at St. Joseph's Cathedral Church, Jagdalpur on 27 April 2021. Bishop Mar Joseph Kollamparampil CMI officiated the funeral service. The Major Archbishop Cardinal Mar George Alencherry offered condolences and prayers for the departed soul. Bishops, Priests, Brothers, Sisters, and the faithful offered condolences and prayers that the Lord may grant him eternal rest in peace.

Rev. Fr. Joseph Jeerakath hailed from St. Michael Parish, Kuruvinal in the Eparchy of Palai. He began his priestly ministry at Vimal Vidyashram, Mariguda (Chiurgaon). He served in the eparchy of Jagadalpur in various offices and mission stations. He was the director of Karunalaya, Karitgaon, parish priest of Bijapur Parish, Director of Bhirgaon Misson, Konta Mission station in the southern end of Sukma District, Potanar Mission Centre, Syncellus of the eparchy. Later, he was appointed as the Rector of the Vianney Bhavan Minor Seminary and the Parish Priest of St. Vianney Parish, Parpa, Vidyashram, Mariguda. He was serving as the Spiritual Director of Gurukul Minor Seminary at Kondagaon at the time of his death.

# Bishop Mar Prince Antony Inaugurates 50-bedded Covid Care Centre

ADILABAD EPARCHY

Adilabad: Mar Prince Antony Panengadan inaugurated a 50-bedded Covid Care Centre at the campus of Christ High School, Mancherial. As the number of daily Covid-19 cases continue to rise, the eparchy of Adilabad quickly moved in to cater to the medical needs of the suffering people where hospitals are very few and other medical facilities are still beyond the reach of several people. While speaking at the inauguration ceremony Bishop Mar Prince Antony appreciated the hard work and dedication of the Covid-19 Relief Team and *Karunyanidhi* Covid-19 Care Centre team.

This has become a huge relief to people who have tested covid positive. They can walk in and avail of medical care free of cost. SDFI helped in organizing doctors for the centre, while women congregations working in the eparchy volunteered their professionals for the centre. This would also ease the pressure on the already overburdened hospitals in the jurisdiction of the eparchy that covers four districts.

Bishop Emeritus Mar Joseph Kunnath CMI, Vicar General Rev. Fr. Jose Manickathan CMI, Chancellor Rev. Fr. Vinod Alexander, Dr. Fr. Joshy Pazhukkathara CMI, Provincial of the CMI Mary Matha Vice-Province, Hyderabad, Rev. Sr. Tresa CMC, Christu Jyothi Province, Mancherial and, other dignitaries, priests, religious and lay leaders were present on the occasion.





## 'Hunger-Free Adilabad Diocese...'

This Covid Care Centre initiative is one among the many relief and support services undertaken by the eparchy of Adilabad. 'Hunger-Free Adilabad Diocese - A helping hand to the suffering humanity', is a program to reach food kits to the poor people in any part of the eparchy with just a phone call. In the rural villages of the eparchy, there are thousands of people who live in extreme poverty without a sustainable source of income at a sufficient level and do not have access to at least one meal a day. A one-point helpline number is established to provide a shoulder of support to the suffering masses.

**എറണാകുളം – അങ്കമാലി**
അതിരൂപത

# വയോജന കേന്ദ്രങ്ങൾക്ക് കോവിഡ് പ്രതിരോധ കിറ്റുകൾ നൽകി എറണാകുളം –അങ്കമാലി അതിരൂപത

കൊച്ചി: ഗുരുതര പ്രതിസന്ധി നേരിടുന്ന കോവിഡ് കാലഘട്ടത്തിൽ സമാശ്വാസ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിൽ എറണാകുളം-അങ്കമാലി അതിരൂപതയും സന്നദ്ധ പ്രസ്ഥാനങ്ങളും ഉണ്ടെന്നത് ആത്മവിശ്വാസം വർദ്ധിപ്പിക്കുവെന്ന് മന്ത്രി ശ്രീ കെ. കൃഷ്ണൻകുട്ടി അഭിപ്രായപ്പെട്ടു. അതിരൂപത സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ വഴി നടപ്പാക്കുന്ന കരുതൽ പദ്ധതികളുടെ ഭാഗമായി കോവിഡ് രോഗം മൂലം ബുദ്ധിമുട്ടുന്ന പതിനായിരം കുടുംബങ്ങൾക്ക് നൽകുന്ന ഭക്ഷ്യകിറ്റുകളുടെയും 45 വയോജന-ഭിന്നശേഷി പരിപാലന കേന്ദ്രങ്ങൾക്ക് നൽകുന്ന കോവിഡ് പ്രതിരോധ കിറ്റുകളുടെയും വിതരണോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മേജർ ആർച്ച്ബിഷപ് ഹൗസിൽ നടന്ന ചടങ്ങുകളിൽ മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ് മാർ ആന്റണി കരിയിൽ അധ്യക്ഷത വഹിച്ചു. അതിരൂപതയിലെ മുന്നൂറിലേറെ ഇടവകകളിൽ പ്രത്യേക ഹെൽപ്പ് ഡസ്ക്കുകൾ രൂപീകരിച്ചാണ് ജാതിമതഭേദമെന്യേ കോവിഡ് മൂലം ബുദ്ധിമുട്ടുള്ളവർക്ക് ഭക്ഷണവും മരുന്നും പ്രതിരോധ സാമഗ്രികളും ഉൾപ്പെടെയുള്ള സേവനങ്ങൾ എത്തിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. അതിരൂപതാ സന്നദ്ധ പ്രവർത്തന കൂട്ടായ്മയായ സഹൃദയ സമിരിറ്റന്റെ നേതൃത്വത്തിൽ കോവിഡ് ബാധിതർക്കും പ്രകൃതിക്ഷോഭം നേരിടുന്നവർക്കും അടിയന്തര സഹായം എത്തിക്കാൻ കഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു. സഹൃദയ സ്വയംസഹായ സംഘങ്ങൾ വഴി നൽകുന്ന രണ്ടു കോടി രൂപയുടെ സ്വയംതൊഴിൽ വായ്പയുടെ ചെക്ക് അതിരൂപത വികാരി ജനറാൾ റവ. ഡോ. ഹോർമിസ് മൈനാട്ടി കൈമാറി. ഐക്കോ ഡയറക്ടർ ഡോ. ജോസ് പുതിയേടത്ത്, വികാരി ജനറാൾ റവ. ഡോ. ജോയ് അയനിയാടൻ, സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ആൻസിൽ മൈപ്പാൻ, സാബു ജോർജ് എന്നിവർ പ്രസംഗിച്ചു. ഫോഗിങ് മെഷീൻ, വേപ്പറൈസർ, സാനിറ്റൈസറുകൾ, മാസ്കുകൾ എന്നിവയുൾപ്പെടെ 15000 രൂപ ചിലവ് വരുന്ന ഉപകരണങ്ങളും വസ്തുക്കളുമാണ് വയോജന കേന്ദ്രങ്ങൾക്കുള്ള പ്രതിരോധ കിറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അറിയിച്ചു.

**ഗ്രേറ്റ് ബ്രിട്ടൺ**
രൂപത

# കോവിഡ് ബാധിതർക്ക് സഹായ ഹസ്തവുമായി ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതയും



ബിർമിംഗ്ഹാം: അദിലാബാദ് രൂപതയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രേറ്റ് ബ്രിട്ടൻ സീറോമലബാർ രൂപതയും പങ്കാളിയാകുന്നു. കോവിഡ് ഉയർത്തുന്ന നിരവധിയായ പ്രശ്നങ്ങൾ മൂലം നാട്ടിൽ വിഷമമനുഭവിക്കുന്ന സഹോദരങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് രൂപത ഈ ദൗത്യം ഏറ്റെടുത്തിരിക്കുന്നത്. ഇന്ത്യയിൽ കോവിഡ് വ്യാപനം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഭക്ഷണം, മരുന്ന്, ചികിത്സ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കായി ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുന്ന അദിലാബാദ് രൂപതയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണയും സഹായവയും വാഗ്ദാനം ചെയ്യുന്നതായും രൂപത കേന്ദ്രത്തിൽ നിന്നും അറിയിച്ചു.

ഗ്രേറ്റ് ബ്രിട്ടൻ രൂപതയിൽ നിന്നും ജൂൺ മാസത്തിലെ ഒരു ഞായറാഴ്ച വിശ്വാസികൾ നൽകുന്ന സ്തോത്രകാഴ്ച ഈ ആവശ്യത്തിനായി മാറ്റിവയ്ക്കുമെന്ന് രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ അറിയിച്ചു. മാതൃരാജ്യത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാൻ രൂപത നടത്തുന്ന ശ്രമങ്ങളെ പിന്തുണക്കുവാനും ആശ്രയമറ്റവരെ സഹായിക്കുവാനുള്ള ദൈവിക പദ്ധതിയിൽ പങ്കാളികളാകുവാനും എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നതായും പിതാവ് അറിയിച്ചു.

# കോവിഡ് സന്നദ്ധ പ്രവർത്തകരുടെ സേവനങ്ങൾ ശ്ലാഘനീയം: ആരോഗ്യമന്ത്രി ശ്രീമതി വീണ ജോർജ്

**ചങ്ങനാശേരി**
അതിരൂപത

ചങ്ങനാശേരി: അടിയന്തരാവസ്ഥയെ നേരിടുവാൻ കേരള സമൂഹം, മത സാമുദായിക രാഷ്ട്രീയ ചിന്തകൾക്കപ്പുറം ഒറ്റക്കെട്ടായി നിന്നുവെന്നും ഈ പ്രതിസന്ധി അതിജീവിക്കുവാൻ സന്നദ്ധ പ്രവർത്തകരുടെ സേവനങ്ങൾ വലിയ കരുത്തേകുന്നുവെന്നും സംസ്ഥാന കുടുംബക്ഷേമ, ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ്. ചങ്ങനാശ്ശേരി അതിരൂപത പബ്ലിക് റിലേഷൻസ് ജാഗ്രതസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കോവിഡ് പ്രതിരോധപ്രവർത്തക സംഗമത്തിൽ സന്ദേശം നൽകുകയായിരുന്നു ആരോഗ്യ മന്ത്രി. ഈ രംഗത്ത് ചങ്ങനാശ്ശേരി അതിരൂപത ചെയ്യുന്ന വലിയ സേവനങ്ങളെയും നേതൃത്വത്തെയും മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പ്രതിഫലനമാണ് ഓരോ കോവിഡ് സന്നദ്ധ പ്രവർത്തകനും നിർവഹിക്കുന്നതെന്ന് സംഗമം ഉദ്ഘാടനം ചെയ്ത സീറോമലബാർ സഭയുടെ തലവനും കെസിബിസി പ്രസിഡണ്ടുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷത വഹിച്ചു. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ചുമതലയിൽ മൃതസംസ്കാരം, ചികിത്സ ക്രമീകരണം, മരുന്ന് വിതരണം, ഭക്ഷണവിതരണം, ആംബുലൻസ് സർവീസ്, കൗൺസിലിംഗ് തുടങ്ങി നിരവധി മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെ സമ്മേളനത്തിൽ ആദരിച്ചു.

സന്നദ്ധപ്രവർത്തകരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡയറക്ടറി സംസ്ഥാന ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ് പ്രകാശനം ചെയ്തു. 'കോവിഡ് മൂന്നാം തരംഗ സാധ്യതയും മുൻകരുതലും' എന്ന വിഷയം കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോസ് ജോസഫ് അവതരിപ്പിച്ചു. സർട്ടിഫിക്കറ്റ് വിതരണോദ്ഘാട നവും സമാപന സന്ദേശവും ബിഷപ്പ് മാർ തോമസ് തറയിൽ നിർവഹിച്ചു. എംഎൽഎ അഡ്വ. ജോബ് മൈക്കിൾ, റവ. ഫാ. ജെയിംസ് കൊക്കാ വയലിൽ എന്നിവർ പ്രസംഗിച്ചു.

വിവിധ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പി. യു. തോമസ് (നവജീവൻ), സി. ലിസ് മരിയ എഫ്സിസി, സ്റ്റാൻസൺ മാത്യു ആർപ്പൂക്കര, അരുൺ നെടുംപറമ്പിൽ തുരുത്തി, അനീഷ് തോമസ് മലകുന്നം, ബിനു വിൻസൺ ഡാൽമുഖം തുടങ്ങിയവർ അനുഭവങ്ങൾ പങ്കുവെച്ചു. പരിപാടികൾക്ക് റവ. ഫാ. ജോസഫ് പനക്കേഴം, റവ. ഫാ. ആന്റണി തലച്ചെല്ലൂർ, റവ. ഫാ. തോമസ് തൈക്കാട്ടുശ്ശേരി, ഷിജോ ജേക്കബ്, ബോബി തോമസ്, ജോർജ് ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.



# നീതി നിഷേധങ്ങൾ

## ചോദ്യം ചെയ്യേണ്ടത് പൗരധർമ്മം; തുല്യനീതി ഔദാര്യമല്ല, അവകാശമാണ്



ഷെവലിയർ അഡ്വ. വി സി സെബാസ്റ്റ്യൻ
(സെക്രട്ടറി, സിബിസിഐ ലെയ്റ്റി കൗൺസിൽ)

ന്യൂനപക്ഷ അവകാശങ്ങളും ക്ഷേമനിധികളും വ്യത്യസ്തങ്ങളാണെങ്കിലും പരസ്പരപൂരകങ്ങളാണ്. ഇന്ത്യയിലെ മത, ഭാഷ ന്യൂനപക്ഷങ്ങൾക്കുള്ള ഭരണഘടനാപരമായ സംരക്ഷണമാണത്. ഭരണഘടനയുടെ ആർട്ടിക്കിൾ 15 മുതൽ 30 വരെയുള്ള ഒമ്പത് അനുച്ഛേദങ്ങളിലാണ് ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം ഉറപ്പാക്കുന്നത്. ഈ സംരക്ഷണ കവചത്തിനുള്ളിൽ നിന്നുകൊണ്ട് ഓരോ പൗരനും അവകാശപ്പെട്ട തുല്യനീതി നടപ്പിലാക്കുകയെന്ന ദൗത്യവും ഉത്തരവാദിത്വവുമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജനാധിപത്യ ഭരണ സംവിധാനത്തിൽ ചെയ്യേണ്ടത്. ഇക്കാര്യത്തിൽ വീഴ്ച വരുമ്പോഴാണ് നീതിന്യായ കോടതികളിൽ ഈ വിഷയം പൗരാവകാശത്തിലൂടെ ചോദ്യം ചെയ്യപ്പെടുന്നത്.

### ന്യൂനപക്ഷ ക്ഷേമ ചരിത്രം

1992-ലാണ് കേന്ദ്ര സർക്കാർ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആക്ട് പാസാക്കിയത്. 1947-ൽ സ്വാതന്ത്ര്യം പ്രാപിച്ച് 1950-ൽ ഭരണഘടന നിലവിൽ വന്ന രാജ്യത്ത് നാല് പതിറ്റാണ്ടിനുശേഷം മാത്രമാണ് ഭരണഘടനയിൽ പ്രതിപാദിക്കുന്ന മത-ന്യൂനപക്ഷങ്ങൾക്കായി ക്ഷേമപദ്ധതികളും നിയമനിർമ്മാണവും നടന്നത്. 1992-ലെ നാഷണൽ മൈനോറിറ്റി കമ്മീഷൻ ആക്ടിൽ ന്യൂനപക്ഷങ്ങൾ ഏതെന്ന് നിർവചിച്ചിട്ടില്ല. 1993-ലാണ് മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധർ, പാഴ്സി തുടങ്ങിയവരെ ന്യൂനപക്ഷ വിഭാഗങ്ങളായി പ്രഖ്യാപിച്ചു ഉത്തരവിറക്കിയത്. 2014-ൽ ജൈനരും ഈ വിഭാഗത്തിൽ ആയി.

### ന്യൂനപക്ഷക്ഷേമ സംവിധാനങ്ങൾ

ന്യൂനപക്ഷക്ഷേമ വകുപ്പ്, ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള കമ്മീഷൻ, ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ, ന്യൂനപക്ഷ ഡയറക്ടറേറ്റ്, ന്യൂനപക്ഷ സെൽ എന്നിങ്ങനെ നിയമപരമായ ഭരണസംവിധാനങ്ങൾ ന്യൂനപക്ഷവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിലും കേരളത്തിലും ഉണ്ട്. ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ ന്യൂനപക്ഷത്തിലെ ഭൂരിപക്ഷത്തിനു വേണ്ടിയല്ല; മറിച്ച്, എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും വേണ്ടിയാണ്.

### ഭരണഘടനയും സച്ചാർ-പാലോളി റിപ്പോർട്ടും

സച്ചാർ-പാലോളി കമ്മിറ്റികളും റിപ്പോർട്ടുകളും മുസ്ലീം വിഭാഗത്തിന് വേണ്ടി മാത്രമായിരുന്നു എന്നതിൽ ആർക്കും സംശയമില്ല. ഈ കമ്മിറ്റികളുടേത് നിർദ്ദേശങ്ങളും പരിഗണനാ വിഷയങ്ങളും ആയിരുന്നു. ഉൾക്കൊള്ളാനും തള്ളിക്കളയാനും സർക്കാരിന് അവകാശമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവുകൾ ഭരണഘടനാപരമായിരിക്കണം. നിർദ്ദേശങ്ങൾ, ഭരണഘടനാ സാധുത നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കേണ്ടത് സർക്കാരാണ്. അതിനു ശ്രമിക്കാതെ നിയമ സംവിധാനങ്ങളെപ്പോലും അട്ടിമറിച്ച് രാഷ്ട്രീയ ലക്ഷ്യങ്ങൾ വച്ചുകൊണ്ട് ഉത്തരവുകൾ ഇറക്കുന്നത് നീതിന്യായ കോടതികളിൽ ചോദ്യം ചെയ്യപ്പെടുകയും ഭരണഘടനയുടെ അന്തസ്സത്ത മുൻനിറുത്തി കോടതി വിധിന്യായം പ്രഖ്യാപിക്കുകയും ചെയ്യും.

ഭരണഘടനാപരമായ സാമൂഹ്യ ജാതിമത വേർതിരിവുകൾ SC ST, മൈനോറിറ്റി, OBC, OEC, EWS എന്നിവ മാത്രമാണ്. മതം തിരിച്ചു ഇവക്കുള്ളിലെ ഉപവിഭാഗത്തിന് മാത്രമായി ന്യൂനപക്ഷ ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും എന്നൊന്നില്ല.

### പ്രധാനമന്ത്രി 15 ഇന പദ്ധതികൾ

ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെയെല്ലാം അടിസ്ഥാനം പ്രധാനമന്ത്രിയുടെ പതിനഞ്ചിന പദ്ധതികളാണ്; സച്ചാർ-പാലോളി കമ്മിറ്റി നിർദേശങ്ങൾ അല്ല. 2005 ഓഗസ്റ്റ് 15-നാണ് ഈ പദ്ധതികൾ പ്രഖ്യാപിച്ചത്. 2006 നവംബർ 30-നാണ് സച്ചാർ കമ്മറ്റി റിപ്പോർട്ട് പാർലമെന്റിൽ സമർപ്പിച്ചത്. 2009-ൽ ഈ റിപ്പോർട്ടിലെ ചില നിർദേശങ്ങൾ 15 ഇന പദ്ധതിയിൽ കൂട്ടിച്ചേർത്തു. കേന്ദ്ര സർക്കാരിന്റെ സ്കോളർഷിപ്പുകൾ, ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ അടിസ്ഥാന വികസന പദ്ധതികൾ, കോച്ചിംഗ് സെന്ററുകൾ തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്. പ്രീമെട്രിക് തുടങ്ങിയ സ്കോളർഷിപ്പുകളിൽ 80:20 അനുപാതമില്ല. പിന്നെ കേരളത്തിൽ മാത്രം ക്ഷേമ പദ്ധതികൾ എങ്ങനെ അട്ടിമറിക്കപ്പെട്ടു എന്നത് അന്വേഷണ വിധേയമാക്കണം.



### ആർക്കാണ് ക്ഷേമം വേണ്ടത്?

ന്യൂനപക്ഷത്തിന്റെ നിർവചനം ജനസംഖ്യയുടെ കുറവാണ്. പിന്നോക്കാവസ്ഥ അല്ല. പിന്നോക്കാവസ്ഥയിൽ ഉള്ളവർക്ക് സാമൂഹ്യ സംവരണങ്ങൾ വേറെയുണ്ട്. അതിനാൽ തന്നെ ജനസംഖ്യ കുറവുള്ള അഥവാ കുറഞ്ഞുകൊണ്ടിരിക്കുന്ന മതന്യൂനപക്ഷങ്ങൾക്കാവണം സംരക്ഷണവും ക്ഷേമവും നടപ്പിലാക്കേണ്ടത്.

### പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം

പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം എന്നത് മതന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലേക്കും ബ്ലോക്കുകളിലേക്കുമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. പദ്ധതി ജില്ലകളിൽ ക്രൈസ്തവ ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: ഇടുക്കി. സംസ്ഥാനത്തെ 14 ജില്ലകളിൽ 13 ഇടങ്ങളിലും ന്യൂനപക്ഷ മത വിഭാഗങ്ങളിൽ നിന്ന് മൂന്നുപേർ വച്ചുള്ള ജില്ലാതല മേൽനോട്ട സമിതി ഈ പദ്ധതിക്കുണ്ട്. ആകെ 39 പേരിൽ ഏഴു പേർ മാത്രമാണ് വിവിധ ക്രൈസ്തവ വിഭാഗങ്ങളിൽ നിന്നുള്ളത്. ഇതിനെന്തു നീതികരണം ആണ് ഉള്ളത്.

### സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ്

ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ ന്യൂനപക്ഷ തത്വങ്ങൾക്ക് വിരുദ്ധമായാണ് നടക്കുന്നത്. കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും ഉണ്ടെന്ന് ചൂണ്ടികാണിച്ചിരിക്കുന്നത് ഹൈക്കോടതിയാണ്. ക്രൈസ്തവരുൾപ്പെടെ ഇന്ത്യയിലെ നോട്ടിഫൈഡ് മൈനോറിറ്റികൾക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അവകാശമുണ്ട്. നീതിനിഷേധത്തിലൂടെ ന്യൂനപക്ഷ ക്ഷേമവകുപ്പ് എന്ന ഭരണ സംവിധാനം പോലും ഇന്ന് അട്ടിമറിച്ചിരിക്കുന്നു.

### ഇതരസംസ്ഥാനങ്ങൾ മാതൃക

ആന്ധ്രാ, കർണാടക, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ ക്രൈസ്തവർ ഉൾപ്പെടെ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കുമായി നടത്തുന്ന ക്ഷേമപദ്ധതികൾ കേരളം പാഠമാക്കണം. ഈ സംസ്ഥാനങ്ങളിൽ 80:20 അനുപാതമില്ല. മാത്രമല്ലാ ക്രിസ്ത്യൻ ന്യൂനപക്ഷ വികസന കോർപ്പറേഷനിലൂടെ കോച്ചിംഗ് സെന്ററുകൾ, തൊഴിൽപരിശീലനം, അടിസ്ഥാന വികസന പദ്ധതികൾ, സ്കോളർഷിപ്പുകൾ, വിശുദ്ധനാട് തീർത്ഥാടന സഹായം എന്നിങ്ങനെ നൂറുകണക്കിന് പദ്ധതികളാണ് നടത്തപ്പെടുന്നത്. വിശദാംശങ്ങൾ വെബ്സൈറ്റുകളിൽ ലഭ്യമാണ്. അതിനാൽ തന്നെ സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങൾ മാത്രമല്ല, ന്യൂ നപക്ഷക്ഷേമ പദ്ധതികളുടെ അടിസ്ഥാന മാനദണ്ഡമെന്നത് വ്യക്തമല്ലേ?

### 'മറ്റൊരു' നിയമഭേദഗതി

2004-ലെ കേരള ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം ചെയർമാനും 2 അംഗങ്ങളും ഉൾക്കൊള്ളുന്നതാണ് ന്യൂനപക്ഷ കമ്മീഷൻ. ചെയർമാൻ ഒരു മതവിഭാഗത്തിൽ നിന്നാണെങ്കിൽ മെമ്പർ മറ്റൊരു വിഭാഗത്തിൽ നിന്നാവണം. ഒരു മെമ്പർ വനിതയും. 2017-ൽ ഇത് തിരുത്തപ്പെട്ടു. 'മറ്റൊരു' മാറ്റി 'ഒരു' എന്നാക്കി. അങ്ങനെ ചെയർമാനും മെമ്പറും ഒരു മതവിഭാഗത്തിന്, ക്രൈസ്തവർ പടിക്കുപുറത്ത്; ഇത് നീതികേടല്ലേ?

### അവകാശമാണ് ഔദാര്യമല്ല

ക്രൈസ്തവർക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട ക്ഷേമപദ്ധതികൾ അവകാശമാണ്; ആരുടെയും ഔദാര്യമല്ല. നീതി നിഷേധങ്ങൾ ചോദ്യം ചെയ്യപ്പെടുന്നത് വർഗ്ഗീയവാദമായി ചിത്രീകരിക്കുവാൻ ശ്രമിക്കുന്നത് അസംബന്ധമാണ്. അവകാശങ്ങൾ നേടിയെടുക്കുകയാണ് വേണ്ടത്. തുല്യ നീതിക്കായി പോരാടുക. ന്യൂനപക്ഷ ക്ഷേമപദ്ധതികളിൽ തുല്യനീതി ആണ് വേണ്ടത്. ക്രൈസ്തവർ കണ്ണുതുറന്ന് കാര്യങ്ങൾ പഠിക്കണം. വളർച്ചാനിരക്ക് കുറയുന്ന സമൂഹത്തിനാണ് സംരക്ഷണം ഉണ്ടാകേണ്ടത്. പാഴ്സികളുടെ ഉദാഹരണം കാണാതെ പോകരുത്. വിശ്വാസ സത്യങ്ങളിൽ അടിയുറച്ചുനിന്ന് ക്രൈസ്തവരുടെ ഇടയിൽ ഒരുമയും സ്വരുമയും ഉണ്ടാകണം. ഓരോ പ്രതിസന്ധിയും അതിനുള്ള വാതിലുകളാണ് തുറക്കുന്നത്!

SISTERS OF
KRISTU DASIS

# ഡോക്ടറേറ്റ് നേടി


Sr. Savitha SKD

കോഴിക്കോട്: റോമിലെ പൊന്തിഫിക്കൽ സെന്റ് തോമസ് അക്വിനാസ് യൂണിവേഴ്സിറ്റിയിൽ നിന്നും (Angelicum) ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി ക്രിസ്തുദാസി സന്യാസ സമൂഹത്തിലെ സി. സവിത വൻപുഴയിൽ. മാനന്തവാടി രൂപതയിലെ ചുണ്ടക്കര സെന്റ് ജോസഫ്സ് ഇടവകാംഗമായ വൻപുഴയിൽ മാത്യു - ചിന്നമ്മ ദമ്പതികളുടെ മകളാണ് സി. സവിത.

ASMI
CONGREGATION

# കടൽക്ഷോഭം മൂലം കഷ്ടപ്പെടുന്നവർക്ക് സഹായ ഹസ്തവുമായി ASMI

ചേർത്തല: കടൽക്ഷോഭവും കടൽകയറ്റവും മൂലം ഭവനരഹിതരായി തീർന്ന ചേർത്തല ഒറ്റമശ്ശേരി പ്രദേശത്തു നിന്നും ക്യാമ്പുകളിലും മറ്റു സ്ഥലങ്ങളിലുമായി മാറ്റി പാർപ്പിച്ചിരിക്കുന്ന നൂറോളം നിർദ്ധനരായ കുടുംബങ്ങൾക്ക് സഹായഹസ്തവുമായി ASMI സുപ്പീരിയർ ജനറൽ സി. സെലസ്റ്റിൻ ഫ്രാൻസിസിന്റെയും മറ്റു സഹോദരിമാരുടെയും നേതൃത്വത്തിൽ വസ്ത്രങ്ങളും ഭക്ഷണ കിറ്റുകളും വിതരണം ചെയ്തു. ഒറ്റമശ്ശേരി ഇടവക വികാരി ഫാ. ജോസ് രാജു കളത്തിൽ, വാർഡ് കൗൺസിലർ, സംഘടനാ ഭാരവാഹികൾ എന്നിവർ വഴിയാണ് സാധനങ്ങൾ വിതരണം ചെയ്തത്.



CST BROTHERS
CONGREGATION

# സി.എസ്.ടി ബ്രദേഴ്സിന്റെ സേക്രട്ട് ഹാർട്ട് പ്രോവിൻസിന് പുതിയ സാരഥികൾ

അങ്കമാലി: സി.എസ്.ടി ബ്രദേഴ്സ് സന്യാസ സമൂഹത്തിന്റെ സേക്രട്ട് ഹാർട്ട് പ്രോവിൻസിന്റെ മൂന്നാമത് പ്രോവിൻഷ്യൽ സിനാക്സിസ് 2021 ഏപ്രിൽ 25-28 തീയതികളിൽ അങ്കമാലി, സി.എസ്.റ്റി ജനറലേറ്റിൽ വച്ച് നടന്നു. തൃക്കാക്കര ആസ്ഥാനമായുള്ള പ്രോവിൻസിന്റെ പ്രവർത്തനങ്ങൾ എറണാകുളം, പാലാ, കോതമംഗലം, ഇടുക്കി രൂപതകളിലും, ആന്ധ്ര, തെലങ്കാന, ഒറീസ സംസ്ഥാനങ്ങളിലും വ്യാപിച്ചുകിടക്കുന്നു. പാവപ്പെട്ട കുട്ടികളുടെയും യുവാക്കളുടെയും വിദ്യാഭ്യാസ, തൊഴിൽ പരിശീലനത്തിലൂടെ അവരുടെ തൊഴിലും ജീവിതവും സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ ബ്രദേഴ്സ് പ്രവർത്തിക്കുന്നു. സുപ്പീരിയർ ജനറൽ ബ്രദർ വർഗീസ് മഞ്ഞളിയുടെ അധ്യക്ഷതയിൽ 4 ദിവസങ്ങളിലായി നടന്ന സിനാക്സിസിൽ വച്ച് പുതിയ സാരഥികളെ തെരഞ്ഞെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയറായി ബ്രദർ ജോസഫ് മുണ്ടുമുഴിക്കരയും വികാർ പ്രൊവിൻഷ്യാളായി ബ്രദർ സാവിയോ അറക്കലും പ്രൊവിൻഷ്യൽ ഓഡിറ്ററായി ബ്രദർ മാത്യു മരങ്ങാട്ടും



കൗൺസിലേഴ്സായി ബ്രദർ സാൻഡി പാലക്കാട്ട്, ബ്രദർ ഡൊമിനിക് കുറുപ്പൻപറമ്പിൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. പ്രോവിൻഷ്യൽ പ്രൊക്കുറേറ്ററായി ബ്രദർ ജോർജ്ജ് പെരുമാട്ടിക്കുന്നേലിനെ നിയമിക്കുകയും ചെയ്തു.

എം. സി. ബി. എസ്.
കോൺഗ്രിഗേഷൻ

# സൈബർയുഗത്തിലെ സമർപ്പിതജീവിതം

പാലക്കാട്: ദിവ്യകാരുണ്യ മിഷനറി സഭയുടെ സീയോൻ കോഴിക്കോട് പ്രോവിൻസിന്റെ ഒഫീഷ്യൽ മീഡിയ ഹബ്ബായ സിയോൺ ഇന്നോവേറ്റീവ് മീഡിയ സമർപ്പിത ജീവിതത്തിന്റെ സാധ്യതകളെയും വെല്ലുവി




ളികളെയും കുറിച്ച് നടത്തിയ വെബിനാർ ശ്രദ്ധേയമായി. മെയ് 19ന് വൈകിട്ട് 8 മുതൽ 10 വരെ നടത്തപ്പെട്ട വെബിനാറിൽ 1500 ത്തോളം സമർപ്പിതർ പങ്കെടുത്തു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും വിവിധ സമർപ്പിത സഭകളുടെ നേതൃനിരയിലുള്ളവരും വെബിനാറിൽ പങ്കെടുത്തു. അഡ്വ. ജിജിൽ ജോസഫാണു ക്ലാസ് നയിച്ചത്. സൈബർയുഗത്തിലെ സമർപ്പിത ജീവിതത്തിന്റെ സാധ്യതകളെയും വെല്ലുവിളികളെയും



കുറിച്ച് അദ്ദേഹം വ്യക്തമായ ബോധവൽക്കരണം നൽകി. സമർപ്പണ ജീവിതത്തിന്റെ വഴികളും സാധ്യതകളും ഏറിവരുന്ന കാലഘട്ടത്തിൽ സമർപ്പിതർ ഏതെല്ലാം മേഖലകളിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട് എന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. സൈബർലോകത്തെ അപകട സാധ്യതകളെ കുറിച്ചും സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റത്തെ കുറിച്ചും സമർപ്പിതർക്കെതിരെയുള്ള സൈബർ ആക്രമണങ്ങളെക്കുറിച്ചുമെല്ലാം അദ്ദേഹം ബോധവൽക്കരണം നൽകി. പ്രേഷിത പ്രവർത്തനങ്ങൾക്കായി നവമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന സൈബർ ആക്രമണങ്ങളെ എപ്രകാരം നേരിടണമെന്നും ഏതൊക്കെ മേഖലകളിൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും വെബിനാറിൽ അവതരിപ്പിച്ചു.

FCC
CONGREGATION

# കഷ്ടത അനുഭവിക്കുന്നവരുടെ കണ്ണീരൊപ്പി എഫ്സിസി തിരുഹൃദയ പ്രോവിൻസ്





ആലുവ: കോവിഡ് പശ്ചാത്തലത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഓട്ടോ ഡ്രൈവർമാർക്കും നാനാജാതിമതസ്ഥരായ സമീപവാസികൾക്കും ആയിരം രൂപയുടെ 250 കിറ്റുകൾ നൽകി എഫ്സിസി സന്യാസിനീ സമൂഹം. ആലുവ സെന്റ് ഡൊമിനിക് ഇടവകയിലെ 104 കുടുംബങ്ങൾക്കും ഇത്തരത്തിൽ സഹായങ്ങൾ നൽകി. കൂടാതെ പോലീസുകാർ, അതിഥിതൊഴിലാളികൾ, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് മാസ്കുകളും സാനിറ്റൈസറുകളും വിതരണം ചെയ്തു. ഓൺലൈൻ ക്ലാസിൽ സംബന്ധിക്കാൻ സൗകര്യമില്ലാത്ത 20 കുട്ടികൾക്ക് ടിവി നൽകി സഹായിച്ചു. എഫ്സിസി എറണാകുളം പ്രൊവിൻസിനു കീഴിലുള്ള എല്ലാ സ്കൂളുകളിലെയും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് മരുന്ന്, ഭക്ഷണം, മറ്റ് അവശ്യ സാധനങ്ങൾ മുതലായവ നൽകുവാനായി 15 ലക്ഷത്തോളം രൂപ ചെലവഴിച്ചു. കടലാക്രമണത്തിൽപെട്ട് കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് മൂന്നു തവണയായി വസ്ത്രം, ഭക്ഷണം, മറ്റ് അവശ്യ സാധനങ്ങൾ നൽകി. കോവിഡ് മൂലം ഒറ്റപ്പെട്ടും ആശുപത്രിയിലും കഴിയുന്ന രോഗികൾക്കും അവർക്ക് ആശ്വാസവും സൗഹൃദം പകരാൻ അധ്വാനിക്കുന്ന നഴ്സുമാർക്കും ഭക്ഷണം പാകം ചെയ്തു പാക്കറ്റുകളിലാക്കി കൊടുക്കുവാൻ 25ഓളം സിസ്റ്റേഴ്സ് സന്നദ്ധ സേവനം അനുഷ്ഠിച്ചു വരുന്നു.

സി. എസ്. സി.
കോൺഗ്രിഗേഷൻ

# നിത്യവ്രതാർപ്പണം ചെയ്തു



തൃശൂർ: കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയിലെ 5 ജൂനിയർ സിസ്റ്റേഴ്സ് സി. നിധിയ മാണിപറമ്പിൽ, സി. ബിനിറ്റ, സി. പ്രവീണ കൊള്ളന്നൂർ, സി. അനില കുളത്തിങ്കൽ എന്നിവർ മെയ് ഇരുപത്തിയേഴാം തീയതി തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ മരിയ ഭവൻ ജനറേറ്റിൽ വച്ച് നടന്ന ദിവ്യബലി മധ്യേ നിത്യവ്രതാർപ്പണം ചെയ്തു.

## സാന്ത്വനമായി കോതമംഗലം സി.എം.സി പാവനാത്മ പ്രോവിൻസ്

സി.എം.സി. കോൺഗ്രിഗേഷൻ

കോതമംഗലം: കോഴിപ്പിള്ളി പ്രൊവിൻഷ്യൽ ഹൗസിന്റെ സമീപത്തുള്ള വിവിധ കോളനികളിൽ ജാതിമത ഭേദമെന്യേ അർഹതപ്പെട്ട കുടുംബങ്ങൾക്ക് 100 ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. വിവിധ ഇടവകകളിലെ കോവിഡ് ബാധിതരായ 300 കുടുംബങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും 8 ലക്ഷം രൂപയുടെ മെഡിക്കൽ സഹായം നൽകി. കോതമംഗലം സി. എം. സി പാവനാത്മ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. നവ്യമരിയ ഭക്ഷ്യ കിറ്റുകളുടെ വിതരണം ചെയ്തുകൊണ്ടാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. സോഷ്യൽ വർക്ക് കൗൺസിലർ സി. കരോളിനും മറ്റ് കൗൺസിലേഴ്സും സി. കാരുണ്യയും പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. ഒന്നാം വാർഡ് കൗൺസിലർ ശ്രീ ബേസിൽ യോഹന്നാൻ, പാരിഷ് കൗൺസിലർ അംഗങ്ങളായ ശ്രീ ബിജു അറുകാലിൽ, ശ്രീ ബൈജു ഇടക്കാട്ടുകുടി, ശ്രീമതി ഷേർളി പുന്നേർക്കോടൻ തുടങ്ങിയവർ പങ്കെടുത്തു.

കോവിഡ് അതിരൂക്ഷമാകുന്ന സാഹചര്യത്തിൽ കോവിഡ് ബാധിതരായ സഹോദരങ്ങൾക്കുവേണ്ടി കത്തീഡ്രൽ വികാരി ബഹു. തോമസ് ചെറുപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ സി.എം.സി സിസ്റ്റേഴ്സ് വാർഡ് അംഗങ്ങളെയും ഇടവക ജനങ്ങളെയും ഉൾപ്പെടുത്തി 10 ദിനങ്ങളിലായി ഓൺലൈനിൽ പ്രാർത്ഥനകൂട്ടായ്മകൾ നടത്തി.



## SD Sisters in Northeast

SD CONGREGATION

Diphu: SD Congregation began the mission works in the Northeast region of India way back in the year 1989. Now SD sisters are in service in the Northeast States; Assam - (Diphu and Bongaigaon), Meghalaya - (Marmain, Umden, Cherrapunjee, Mawthong, Sahsniang), Arunachal Pradesh - (Siyum, LowerJumi), Tripura - (Agartala) and Mizoram - (Aizawl). 22 SD missionaries of Pushpadham Province, Delhi are engaged in education, health care, pastoral care and social work in the Northeast region.

Northeast is a place of hundreds of tribes with different languages following very many customs and traditions, practising indigenous faiths. The people mainly depend on nature's richness and abundance. The SD sisters help to provide education based on moral values along with practice so as to face the challenges of life. Many of the poor children could receive free education from SD schooling. Through the health centres, the sisters could reach out to people with health awareness programs, free medical camps, conducting campaigns on sanitation and safe drinking water. Pastoral work is the other field that always keeps the sisters close to the people. The sisters visit homes, give counselling to family members, arrange Gospel tours and teach catechism, conduct seminars and help to sanction various Govt. projects for the local people.




The SD Sisters during the ongoing Covid-19 pandemic served the people by providing them food kits of rice, cereals, oil, sugar, salt etc. They provided the hygiene kits of sanitary items like bathing soap, detergent soaps, sanitary pads, masks etc. They also conducted awareness programs on Covid -19 and its prevention, precaution and safety measures. As per the requirements, the sisters stitched and provided cloth masks for the people. Sisters conducted rosary processions and retreat adhering to the covid protocols. With the help of various Christian denominations and organizations, the sisters could reach out to the poor around and make available the resources.



SH CONGREGATION

## ധന്യൻ കദളിക്കാട്ടിൽ മത്തായിച്ചൻ ചരമവാർഷികം



പാലാ: ഈശോയുടെ തിരുഹൃദയ ഭക്തനും തിരുഹൃദയ സന്യാസിനീ സമൂഹ സ്ഥാപകനുമായ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 86-ാം ചരമവാർഷികം മെയ് 23-ാം തിയതി അദ്ദേഹത്തിന്റെ പൂജ്യ ദേഹം കുടികൊള്ളുന്ന പാലാ എസ്. എച്ച് പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് ആചരിച്ചു. പാലാ രൂപത സഹായ മെത്രാൻ മാർ ജേക്കബ് മുരിക്കൻ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. സുവിശേഷ മൂല്യങ്ങൾ വീരോചിതമായി അഭ്യസിച്ച മത്തായി അച്ചൻ തിരുഹൃദയ ആധ്യാത്മികതയുടെ അമരക്കാരനും കരുണയുടെ പ്രവാചകനും ഈ കാലഘട്ടത്തിനു വേണ്ടി ദൈവം കരുതി വച്ച പുണ്യവുമായിരുന്നു എന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. ശ്രാദ്ധത്തിനൊരുക്കമായ നവനാൾ ദിന വി. കുർബാനയും നൊവേനയും മെയ് 14 മുതൽ 22 വരെയാണ് നടന്നത്. വിശ്വാസികൾക്കായി ഓൺലൈനിൽ തിരുക്കർമ്മങ്ങൾ പ്രക്ഷേപണം ചെയ്തിരുന്നു. അന്നേദിവസം കോവിഡ് രോഗികൾക്കാവശ്യമായ ഓക്സിജൻ കോൺസന്റേറ്റർ, പൾസ് ഓക്സീമീറ്റർ, മാസ്കുകൾ, ഇൻഹലേറ്റർ എന്നിവ നല്കുകയും തിരുഹൃദയ സന്യാസിനീ സമൂഹം തലശേരി സെന്റ് ജോസഫ് പ്രോവിൻസ് തയ്യാറാക്കിയ 'ഹൃദയത്തിൽ തിരുഹൃദയം സൂക്ഷിച്ച ഒരാൾ' എന്ന ഡോക്യുമെന്ററിയുടെ പ്രകാശന കർമ്മം നിർവ്വഹിക്കുകയും ചെയ്തു.



## കൈത്താങ്ങായി ചെറുപുഷ്പസഭാ പ്രവശ്യകൾ

സി. എസ്. ടി. കോൺഗ്രിഗേഷൻ

തൃക്കാക്കര: കോവിഡ് മഹാമാരി മൂലം ദുരിതമനുഭവിക്കുന്നവർക്ക് സഹായമായി ചെറുപുഷ്പ സഭയുടെ പ്രവശ്യകൾ വീണ്ടും സജീവമായി. പ്രവശ്യകൾ തങ്ങളുടെ പ്രവർത്തനമേഖലകൾ കേന്ദ്രീകരിച്ച് കോവിഡ് ദുരിതാശ്വാസ പ്രവർത്തനങ്ങളും വാക്സിനേഷൻ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ആലുവ സെൻറ് ജോസഫ്സ് പ്രവശ്യയുടെ നേതൃത്വത്തിൽ ആലുവ, അങ്കമാലി, കോതമംഗലം, കട്ടപ്പന, ഭരണങ്ങാനം എന്നിവിടങ്ങളിലും കോഴിക്കോട് സെന്റ് തോമസ് പ്രവശ്യയുടെ നേതൃത്വത്തിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ , വയനാട് ജില്ലകളിലും പഞ്ചാബ്-രാജസ്ഥാൻ ക്രിസ്തുജ്യോതി പ്രവശ്യയുടെ നേതൃത്വത്തിൽ പഞ്ചാബ്, രാജസ്ഥാൻ സംസ്ഥാനങ്ങളിലും ഗോരക്പൂർ ലിറ്റിൽ ഫ്ലവർ പ്രവശ്യയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശിലും നേപ്പാളിലും ഭക്ഷ്യ കിറ്റ് വിതരണവും മെഡിക്കൽ കിറ്റ് വിതരണവും ആശുപത്രികളിൽ പൊതിച്ചോർ വിതരണവും നടന്നുകൊണ്ടിരിക്കുന്നു.




### പട്ടങ്ങൾ സ്വീകരിച്ചു

തൃക്കാക്കര: ചെറുപുഷ്പ സഭയിലെ വൈദിക വിദ്യാർത്ഥികൾ പൗരോഹിത്യ സ്വീകരണത്തിനു മുമ്പുള്ള പട്ടങ്ങൾ ദീർഘനാളത്തെ പ്രാർത്ഥനയ്ക്കും പരിശീലനത്തിനും ശേഷം സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ ബിഷപ്പ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിന്റെ കൈവയ്പുവഴി സ്വീകരിച്ചു. ചെറുപുഷ്പ സഭയുടെ നാല് പ്രവശ്യകളിൽ നിന്നായി 29 അർത്ഥികൾ കാറോയ പട്ടവും, 18 അർത്ഥികൾ ഹെവുപ്പദിയാക്കോന പട്ടവും, 4 അർത്ഥികൾ മ്ശംശാന പട്ടവും സ്വീകരിച്ചു. തൃക്കാക്കര ലിറ്റിൽ ഫ്ലവർ ജനറലേറ്റിൽ വച്ച് മെയ് 27-ന് നടന്ന ഈ ചടങ്ങിൽ പെരിയ ബഹു. സുപ്പീരിയർ ജനറാൾ ഫാ. ജോജോ വരകുകാലായിൽ ആർച്ച് ഡീക്കൻ ആയിരുന്നു.





## എഫ്. എസ്. ഡി കോൺഗ്രിഗേഷൻ

# സ്നേഹസാന്ത്വനമായി എഫ്.എസ്.ഡി സഹോദരിമാർ



തോപ്രാംകുടി: തെരുവിൽ ഒറ്റപ്പെട്ടും അലഞ്ഞും നടക്കുന്നവരെ പൊലീസുകാരുടെ നേതൃത്വത്തിൽ അസീസി സ്നേഹാശ്രമത്തിലെത്തിക്കുന്നു. 21 ദിവസത്തെ ക്വാറന്റൈനിൽ കഴിഞ്ഞതിനുശേഷം കോവിഡ് ടെസ്റ്റ് നടത്തി സെന്ററുകളിലേക്ക് സ്വീകരിക്കുന്നു. അതോടൊപ്പം ജോലിയില്ലാതെ നടക്കുന്നവർക്ക് സ്ഥാപനവുമായി ബന്ധപ്പെട്ട ജോലി നൽകി സഹായിക്കുന്നു. ഭക്ഷണ കിറ്റ് നൽകുകയും രാത്രി കടത്തിണ്ണയിൽ കിടന്നുറങ്ങുന്നവർക്ക് ഭക്ഷണവും പുതപ്പും നൽകുകയും ചെയ്തുവരുന്നു. നിർധന കുട്ടികൾക്ക് തുടർപഠന സൗകര്യം ഒരുക്കി കൊടുക്കുകയും നഴ്സിംഗ് പഠിക്കാൻ കുട്ടികളെ സഹായിക്കുകയും ചെയ്യുന്നു.

## MMB BROTHERS CONGREGATION

# സന്യാസവസ്ത്ര സ്വീകരണവും ആദ്യവ്രതാർപ്പണവും

മരിയാപുരം: മലബാർ മിഷനറി ബ്രദേഴ്സ് സന്യാസ സമൂഹത്തിന്റെ 73-ാം ജന്മദിനമായ പെന്തക്കുസ്താ തിരുനാളിൽ, 2021 മെയ് 23ന് ഝാർഖണ്ഡിൽ നിന്നും ഭോപ്പാലിലെ അസ്സീസി പ്രൊവിൻസിൽ പ്രവർത്തിക്കാൻ വേണ്ടി സിംഡേഗ രൂപതാംഗമായ ബ്രദർ ബിപിൻ ലക്രയും ഗുംല രൂപതാംഗമായ ബ്രദർ അമിത് മിഞ്ജും ആണ് വ്രതവാഗ്ദാനം നടത്തിയത്. എം.എം.ബി.യുടെ മാതൃഭവനമായ മരിയാപുരം മിഷൻഹോമിൽ നടന്ന ലളിതമായ ചടങ്ങുകൾക്ക് മിഷൻഹോം സ്പിരിച്വൽ ഡയറക്ടർ റവ. ഫാ. ജോസ് ഐനിക്കൽ കാർമ്മികത്വം വഹിച്ചു. ലോകം, പിശാച്, ശരീരം എന്നീ ത്രിവിധ ശത്രുക്കൾക്കെതിരെ ധീരമായി പോരാടാനുള്ള സാഹചര്യമാണ് സന്യാസ വ്രതവാഗ്ദാനത്തിലൂടെ ലഭിച്ചിരിക്കുതെന്ന് ഫാ. ജോസ് ഓർമ്മിപ്പിച്ചു. എം. എം. ബി. സുപ്പീരിയർ ജനറൽ ബഹു. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ അവരെ അനുമോദിച്ചു. ഏവർക്കും ബ്രദർ ബിപിൻ ലക്ര നന്ദി പറഞ്ഞു. തങ്ങളുടെ സന്യാസ ജീവിതത്തിന്റെ പരിശീലനകാലഘട്ടത്തിൽ സഹകരിച്ച ഏവരെയും ബ്രദേഴ്സ് അനുസ്മരിച്ചു. ബഹു. സുപ്പീരിയർ ജനറലും സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ബ്രദർ ജോസ് ചുങ്കത്തും ആശംസകൾ നേർന്നു സംസാരിച്ചു. മരിയാപുരം ഇടവക വികാരി ബഹു. ഫാ. ജോർജ്ജ് എടക്കളത്തൂരും അസി. വികാരി ബഹു. ഫാ. ജോമോൻ ഇമ്മട്ടിയും സന്നിഹിതരായിരുന്നു.

## CPS CONGREGATION

# സാന്ത്വനവും സഹായവുമായി പ്രേഷിതാരം സന്യാസിനിമാർ



ആലുവ: നിർധന വിദ്യാർഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കാൻ അൻവർ സാദത്ത് എംഎൽഎ ആരംഭിച്ച 'ടിവി ടാബ് മൊബൈൽ ചാലഞ്ച്' പദ്ധതിയിലേക്ക് പ്രേഷിതാരാം സിസ്റ്റേഴ്സ് ഒരു ലക്ഷം രൂപ നൽകി. സാധുജനങ്ങളുടെ സേവനത്തിന് ജീവിതം സമർപ്പിച്ച റവ. ഫാ. ജോർജ് കൊച്ചുപറമ്പിലിന്റെ ഓർമ്മയ്ക്കായി രൂപീകരിച്ച ട്രസ്റ്റിൽ നിന്നുള്ള തുക കാഞ്ഞൂർ പ്രേഷിതാരാം കോൺവെന്റ് സുപ്പീരിയർ സി. ഡോണ എംഎൽഎ ശ്രീ അൻവർ സാദത്തിന് കൈമാറി. ഇടവക വികാരി റവ. ഫാ. ജോൺ പുതുവ, പഞ്ചായത്തംഗം ശ്രീ കെ. പോളച്ചൻ എന്നിവർ പങ്കെടുത്തു. ഇതോടൊപ്പം ലോക്ക്ഡൗണിൽ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് നൽകുവാൻ അരിയും അത്യാവശ്യ സാധനങ്ങൾ അടങ്ങിയതുമായ 50 കിറ്റുകൾ അർഹരായവർക്ക് വിതരണം ചെയ്യുവാൻ വാർഡ് മെമ്പറുമാരെ ഏൽപ്പിച്ചു. കോവിഡിന്റെ ദുരിത കാലത്ത് ഇത്തരമൊരു കാര്യത്തിന് മുൻകൈയെടുത്ത പ്രേഷിതാരാം സഹോദരിമാർക്ക് വാർഡ് മെമ്പർമാർ നന്ദി അറിയിച്ചു.



# വി. മറിയം ത്രേസ്യയുടെ ചൈതന്യമുൾക്കൊണ്ട് തിരുകുടുംബസന്യാസിനിമാർ

## സി. എച്ച്. എഫ്. കോൺഗ്രിഗേഷൻ

കുഴിക്കാട്ടുശ്ശേരി: വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ദിനമായ ജൂൺ എട്ടിന് ഒരുക്കമായുള്ള നവനാൾ നൊവേന മെയ് 30ന് ആരംഭിച്ചു. കുഴിക്കാട്ടുശ്ശേരി തീർത്ഥകേന്ദ്രത്തിൽ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ കൊടിയേറ്റം യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററായ ബിഷപ്പ് മാർ സ്റ്റീഫൻ ചിറപ്പണത്ത് നിർവഹിച്ചു. തുടർന്ന് ദീപം തെളിയിക്കൽ, ലദീഞ്ഞ്, ദിവ്യബലി, നൊവേന, പ്രദക്ഷിണം എന്നിവ നടന്നു. വിശുദ്ധ മറിയം ത്രേസ്യയെ പോലെ അവശരോടു ചേർന്നു നിൽക്കുന്ന ഹൃദയം ഉള്ളവരായി കരുണയുടെ പ്രവർത്തികൾ ചെയ്യാൻ എല്ലാവർക്കുമാകട്ടെ എന്ന് സന്ദേശത്തിലൂടെ അദ്ദേഹം ഉദ്ബോധിപ്പിച്ചു.


കുടുംബങ്ങളുടെ മധ്യസ്ഥയായ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ദിനമായ ജൂൺ 8ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടന്ന തിരുക്കർമ്മങ്ങളിൽ ബിഷപ് മാർ പോളി കണ്ണൂക്കാടൻ മുഖ്യ കാർമ്മികൻ ആയി. തീർഥാടന കേന്ദ്രം റെക്ടർ റവ. ഫാ. ലിജോ കോങ്കോത്, റവ. ഫാ. ഫെമിനിൻ ചിറ്റിലപ്പിള്ളി എന്നിവർ സഹകാർമികരായിരുന്നു. തിരുകർമ്മങ്ങൾക്ക് തുടക്കംകുറിച്ചു കൊണ്ട് ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ സുപ്പീ രിയർ ജനറൽ സി. ആനി കുര്യാക്കോസ് സി എച്ച് എഫ്, തിരുനാൾ പ്രസുദേന്തി ജോസ് മങ്കിയാൻ എന്നിവർ തിരിതെളിച്ചു. ദിവ്യബലിക്കുശേഷം വിശു ദ്ധയുടെ തിരുശേഷിപ്പും തിരുസ്വരൂപവും മാതാവിന്റെ രൂപവും വഹിച്ചുകൊണ്ട് ദേവാലയ മുറ്റത്ത് ഭക്തിനിർഭരമായ തിരുനാൾ പ്രദക്ഷിണം നടന്നു. തുടർന്ന് സി. വിജയ് സി എച്ച് എഫ് രചിച്ച 'കുടുംബങ്ങളെ തിരുകുടുംബങ്ങളാക്കുക' എന്ന പുസ്തകത്തിന്റെ പ്രകാശനം ബിഷപ് മാർ കണ്ണൂക്കാടൻ നിർവഹിച്ചു.



ഹോളിഫാമിലി സന്യാസിനി സമൂഹം നടപ്പാക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ ഭാഗമായി അഗതികൾക്കും അഗതിമന്ദിരങ്ങൾക്കും ഭക്ഷണം നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനവും ബിഷപ് നിർവഹിച്ചു. ഇതിന്റെ ഭാഗമായി മാള ഗ്രാമ പഞ്ചായത്തിന്റെ സമൂഹ അടുക്കളയിലേക്ക് ഭക്ഷണത്തിനുള്ള തുക ബിഷപ് കൈമാറി. മദർ ആനി കുര്യാക്കോസ് സി എച്ച് എഫ്, ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ മോൺ. ജോസ് മഞ്ഞളി, റവ. ഫാ. ലിജോ കൊങ്കോത്ത്, കപ്ലോൻ റവ. ഫാ. സെബാസ്റ്റ്യൻ ഈഴേക്കാടൻ, സന്യാസിനി സമൂഹത്തിന്റെ വികാർ ജനറലും തിരുനാൾ പരിപാടികളുടെ കൺവീനറുമായ സി. എൽസി സേവ്യർ സി എച്ച് എഫ് തുടങ്ങിയവർ സന്നിഹിതരായിരുന്നു. നവനാൾ ദിവസങ്ങളിൽ വിവിധങ്ങളായ സേവന പദ്ധതികൾ നടപ്പാക്കിയിരുന്നു. നിർധനരായ കോവിഡ് രോഗികൾക്ക് ധനസഹായം, പത്ത് ഉന്നത വിദ്യാഭ്യാസ വിദ്യാർഥികൾക്ക് 2000 രൂപ വീതം ധനസഹായം, ദിവ്യകാരുണ്യ സന്നിധിയിൽ ഒരു ദിനം, തൊഴിൽ നഷ്ടപ്പെട്ട 10 പേർക്ക് സഹായം, ഒരു ഹോസ്പിറ്റലിന് ധനസഹായം, കമ്മ്യൂണിറ്റി കിച്ചണിലേക്ക് പലവ്യഞ്ജനങ്ങളുടെ വിതരണം, അഖണ്ഡ ജപമാല, ബൈബിൾ പാരായണദിനം, ആശാവർക്കർമാർക്ക് സാനിറ്റേഷൻ സാമഗ്രികൾ വിതരണം, അനാഥാലയങ്ങളിൽ നേർച്ച ഭക്ഷണം എന്നിവയായിരുന്നു നവനാളുകളിൽ നടപ്പിലാക്കിയ നവദിന സൽകർമ്മങ്ങൾ.

## സഭാ വാർത്തകൾ

# യേശു ഭക്തി ദിവസ്: ജൂലൈ മൂന്നിന് പ്രഥമ 'ഇന്ത്യൻ ക്രിസ്ത്യൻ ദിനം'




മുംബൈ: ഭാരതത്തിന്റെ അപ്പസ്തോലൻ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ മൂന്നിന് ഇന്ത്യയിലെ മുഴുവൻ ക്രൈസ്തവ സഭാവിഭാഗങ്ങളും സംയുക്തമായി 'ഇന്ത്യൻ ക്രിസ്ത്യൻ ദിനം' (യേശു ഭക്തി ദിവസ്) ആചരിക്കുന്നു. ഭാരതത്തിന്റെ ചരിത്രത്തിൽ ഇതാദ്യമായാണ് ഇന്ത്യൻ ക്രിസ്ത്യൻ ദിനം എന്ന പേരിൽ ആചരണം നടത്തുന്നത്. ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃകത്തിനുള്ളിൽ നിന്നുകൊണ്ട് ഭാഷയുടെയും ആചാരാനുഷ്ഠാനങ്ങളുടെയും വ്യത്യാസങ്ങൾ ഉൾക്കൊണ്ടുകൊണ്ടു കർത്താവായ യേശുക്രിസ്തുവിന്റെ അനുയായികളെന്ന നിലയിൽ ഒരുമിക്കാനാകുമെന്ന് ഇന്ത്യൻ ക്രിസ്ത്യൻ ദിനാഘോഷത്തിന്റെ സംഘാടകർ പ്രതീക്ഷ പ്രകടിപ്പിച്ചു.

ഇന്ത്യൻ ക്രിസ്ത്യൻ ദിന'ത്തിന്റെ സംഘാടകർ, വിവിധ ക്രിസ്ത്യൻ സഭാവിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങളാണ്. ഭാരതത്തിൽ സുവിശേഷ പ്രഘോഷണം നടത്തി മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ച വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ദിനം എന്ന കാരണം കൊണ്ടുതന്നെയാണ് ഇന്ത്യൻ ക്രിസ്ത്യൻ ദിനം ആഘോഷിക്കുവാൻ ജൂലൈ 3 തെരഞ്ഞെടുത്തത്. ഏഷ്യ ന്യൂസാണ് ആചരണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് പുറത്തുവിട്ടിരിക്കുന്നത്.

# ചങ്ങനാശേരി അതിരൂപത നാലാമത് മിഷനറി സംഗമം




ചങ്ങനാശേരി: അതിരൂപതാംഗങ്ങളായവരും എന്നാൽ അതിരൂപതയ്ക്ക് പുറത്തുള്ള സീറോമലബാർ രൂപതകളിലും, മലങ്കര ലത്തീൻ സഭകളിലും സേവനം ചെയ്യുന്ന അഭിവന്ദ്യ പിതാക്കന്മാരുടെയും ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബ്രദേഴ്സിന്റെയും സംഗമം 2021 മെയ് 21-ാം തീയതി വൈകുന്നേരം 5 മണിക്ക് ഓൺലൈനായി നടത്തപ്പെട്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ 2000-ൽ പരം മിഷണറിമാർ ഈ സംഗമത്തിൽ ഓൺലൈനായി Zoom ലൂടെയും അതിരൂപതാ യൂട്യൂബ് ചാനലായ MAAC TV യിലൂടെയും തൽസമയം പങ്കെടുത്തു. അതിരൂപതാ വികാരി ജനറാളായ പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രാരംഭ പ്രാർത്ഥനയിൽ കോവിഡ് മൂലം മരണമടഞ്ഞ എല്ലാ മിഷണറിമാർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥന നടത്തി. തുടർന്ന് അഭി. തോമസ് തറയിൽ പിതാവ് ഏവർക്കും സ്വാഗതം ആശംസിച്ചു. സംഗമത്തിൽ അധ്യക്ഷനായിരുന്ന അഭി. ജോസഫ് പെരുന്തോട്ടം പിതാവ് മിഷണറിമാരുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു. അതോടൊപ്പം മിഷൻപ്രവർത്തനത്തിലായിരിക്കുന്നവർ മാതൃസഭയുമായും മാതൃരൂപതയുമായുമുള്ള ബന്ധം നിലനിർത്തണമെന്ന് ഓർമ്മപ്പെടുത്തി. നമ്മുടെ മിഷൻ പ്രവർത്തനങ്ങളിൽ ഏറ്റവും വലിയ പരിഗണന നാം നൽകേണ്ടത് പാവങ്ങൾക്കായിരിക്കണമെന്നും, പ്രാർത്ഥനയിൽ കുരുത്തെടുത്ത ആത്മീയ അനുഭവമായിരിക്കണം നമ്മുടെ പ്രേഷിത പ്രവർത്തനത്തിന്റെ അടിസ്ഥാനമെന്നും സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് സീറോമലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പറഞ്ഞു. സംഗമത്തിൽ അതിരൂപതാംഗങ്ങളായ മാർ അലക്സ് കാളിയാനിയിൽ SVD (Bulawayo, Zimbawe), മാർ ജെയിംസ് അത്തിക്കളം MST (Sagar), മാർ തോമസ് തുരുത്തിമറ്റം CST (Gorakhpur), മാർ ജോർജ്ജ് രാജേന്ദ്രൻ (തക്കല), മോൺ. ജോർജ്ജ് കൂവക്കാട് (റോം), ഫാ. തോമസ് ചാത്തംപറമ്പിൽ CMI (CMI, General), പെരിയ ബഹു. ജെയിംസ് പാലയ്ക്കൽ തുടങ്ങിയവരും 150 ഓളം സന്യാസ സമൂഹങ്ങളിലായി സേവനം ചെയ്യുന്ന മിഷണറിമാരുടെ പ്രതിനിധികളായി മറ്റ് 22 പേരും അവരുടെ പ്രേഷിതാനുഭവങ്ങൾ പങ്കുവച്ചു. സംഗമത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ സമാഹരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി അതിരൂപത തയ്യാറാക്കിയ മിഷനറി ഡയറക്ടറിയുടെ പ്രകാശനം അഭി. ജോസഫ് പവ്വത്തിൽ പിതാവ് നിർവ്വഹിച്ചു. ഏകദേശം നാല് മണിക്കൂറോളം നീണ്ടുനിന്ന സംഗമത്തിന് അതിരൂപതാ വികാരി ജനറാൾ പെരിയ ബഹു. തോമസ് പാടിയത്തച്ചൻ നന്ദി പ്രകാശിപ്പിച്ചു. അഭി. പെരുന്തോട്ടം പിതാവിന്റെ ആശീർവ്വാദം സ്വീകരിച്ച് അതിരൂപതാ ആന്തത്തോടെ 'നാലാമത് മിഷണറി സംഗമം' പര്യവസാനിച്ചു. ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി, ഫാ. അനീഷ് കുടിലിൽ, സി. ജെസ്‌ലിൻ തോമസ് ജെ. എസ്., സി. മേരി റോസ് DSFS, ബ്ര. അലൻ കാഞ്ഞിരത്തുംമൂട്ടിൽ, ബ്ര. ജിതിൻ കൊടിയന്തറ, മിഷൻലീഗ് അതിരൂപതാ ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

# വത്തിക്കാന്റെ പരമോന്നത ബഹുമതി മലയാളിയായ ക്ലരീഷ്യൻ വൈദീകൻ ഫാ. ജോസ് കൂനംപറമ്പിലിന്

റോം: ആഗോളസഭയ്ക്കും മാർപാപ്പയ്ക്കും വേണ്ടി സ്തുത്യർഹ സേവനം ചെയ്യുന്ന സന്യസ്തർക്കു ലഭിക്കുന്ന പരമോന്നത ബഹുമതിയായ *പ്രൊ എക്ളേസിയ എത്ത് പൊന്തിഫിച്ചേ* എന്ന ബഹുമതി ക്ലരീഷൻ സന്യാസ സമൂഹത്തിന്റെ കേരളത്തിലെ സെന്റ് തോമസ് പ്രൊവിൻസ് അംഗമായ ഫാ. ജോസ് കൂനംപറമ്പിൽ CMF ന് ലഭിച്ചു. 2000 ജനുവരി മുതൽ സുവിശേഷ പ്രഘോഷ



ണ തിരുസംഘത്തിൽ സഭാനിയമ വിദഗ്ധനായി സേവനം അനുഷ്ഠിച്ചു വരികയാണ്. കോതമംഗലം രൂപത പള്ളിക്കാംപറമ്പിൽ ഇടവകയിൽ പരേതരായ കൂനംപറമ്പിൽ ജോസഫിന്റെയും അന്നമ്മയുടെയും മകനാണ് ഫാ. ജോസ്. റോമിലെ ലാറ്ററൽ യൂണിവേഴ്സിറ്റിയിൽ നിന്നും സഭാ നിയമത്തിനും സിവിൽ നിയമത്തിലും ഡോക്ടറേറ്റ് നേടി. 1985 മുതൽ 98 വരെ ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരി അധ്യാപകനായിരുന്നു.




SYRO-MALABAR VISION - A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD (PRIVATE CIRCULATIONS ONLY)
SYRO-MALABAR MEDIA COMMISSION, MOUNT ST. THOMAS, P.B. NO. 3110, KAKKANAD P.O., KOCHI - 682 030 | Email: syromalabarvision@gmail.com | Phone: +91 99461 62280
Disclaimer: The views and opinions in various articles expressed in this newsletter are solely those of the authors alone.